ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 11 | October - December 2022 | Edition 4



# പത്രാധിപക്കുറിപ്പ്

അനിരാകരണമസ്തു, അനിരാകരണമസ്തു എന്ന് ഉപനിഷത്തുകളിലെല്ലാം കാണാം. നാം ഒന്നിനെയും നിരാകരിക്കരുത് എന്ന നമ്മുടെ വേദാദികൾ ഉപദേശിക്കുന്നു. എല്ലാവർക്കും തുല്യപ്രാധാന്യം നല്കണമെന്ന ആത്യന്തികസത്യത്തെ വെളിപ്പെടുത്തുകയാണ് ഇതിലൂടെ ചെയ്തത്. എല്ലാവരും അനുപമരാണെങ്കിലും അനുപമത്വം ഈ ലോകനാടകത്തിലാണ്. അതിനപ്പുറം ആത്യന്തികമായി നാമെല്ലാം ഒന്നാണ്. അതാണ് നാനാത്വത്തിൽ ഏകത്വം. വൈവിധ്യം ലോകയാത്രയ്ക്ക് ആവശ്യമാണ്. അതാണ് നമ്മളിൽ അനുപമത്വം നിലകൊള്ളുന്നത്. ഗുണങ്ങളിലുള്ള ഈ അനുപമത്വം വളർന്ന് വികസിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്ന ഏകത്വത്തിലാണ് നാം എത്തുക. ഒരാളും എത്താതിരിക്കുകയില്ല. ഈ ലക്ഷ്യത്തെയും അതിനുള്ള അഭ്യാസത്തെയുമാണ് ഈ ഉപനിഷത്ത് മന്ത്രത്തിൽ കാണുന്നത്.

***ഈശാവാസ്യമിദം സർവം***
***യത് കിഞ്ച ജഗത്യാം ജഗത്***
***തേന ത്യക്തേന ഭുഞ്ജീഥാഃ***
***മാ ഗൃധഃ കസ്യസ്വിത് ധനം.***

അർത്ഥം – ലോകത്തിലെ ഇക്കാണായതെല്ലാം ഈശ്വരനാൽ മൂടപ്പെട്ടതാണ്. ത്യാഗംകൊണ്ട് ആസ്വദിക്കു. ഒരാളും മറ്റുള്ളവരുടെ ധനം ആഗ്രഹിക്കരുത്.

ഇതിന്റെ ആശയം – വിവിധങ്ങളായി കാണപ്പെടുന്ന ഈ പ്രപഞ്ചം ഈശ്വരമയമാണ്. ഇതു നിരന്തരാഭ്യസം കൊണ്ടു മാത്രമേ മനസ്സിലാകൂ. നമ്മൾ എല്ലാവരും പറയുന്നതെന്തും ചെയ്യുന്നതെന്തും ഈശ്വരപ്രേരിതമായിട്ടാണ്. അതിനാൽ ഒരാളുടെ പ്രവൃത്തി മറ്റൊരാൾക്കു വിരോധമായിത്തീരുന്നില്ല. അതുപോലെ ഒരാളുടെ വാക്ക് മറ്റൊരാൾക്കു വിരുദ്ധമായിത്തീരുന്നില്ല. അതു കൊണ്ടുതന്നെ ഒരാൾക്കു ഈ ലോകത്ത് ഒന്നുംതന്നെ നഷ്ടപ്പെടാനില്ല. ആയതിനാൽ നേടിയത് ഈ ഒരു അനുഭവതലത്തിൽ നിന്നുകൊണ്ടു ത്യജിച്ചാലാണ് ഈ ലോകാനുഭവം ആസ്വാദ്യപ്രദമാകുക. നാം മറ്റൊരാളുടെ ധനം ആഗ്രഹിക്കേണ്ടതായ കാര്യമില്ല. അതിനാൽ ഈ പ്രപഞ്ചവൈവിധ്യത്തിലെ ഏകത്വം ഭാവനയിലൂടെയും അഭ്യാസത്തിലൂടെയും കണ്ടെത്തുകയാണ് ആത്മസാക്ഷാത്കാരത്തിലേക്കുള്ള വഴി. ഈ ഒരു ഭാവന എല്ലാവരിലും ഉദിക്കുമാറാകട്ടെ.

# ശാംഭവി
## ത്രൈമാസിക
**സൌജന്യ വിതരണത്തിന്**

പുസ്തകം 12 ലക്കം 47 ഒക്ടോബർ - ഡിസംബർ 2022



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org



**എഡിറ്റോറിയൽ ബോർഡ്**

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**അർച്ചന ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**രവി പാറക്കുന്നം, തൃശ്ശൂർ**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. ഗണേശമാനസപൂജാസ്തോത്രം **2**

2 സംസ്കൃതപഠനം (51) **4**

3. തന്ത്രോച്ചയം **6**

4. പരമാർത്ഥസാരം (19) **14**

5. സ്തുതികുസുമാഞ്ജലി (11) **19**

6. കുട്ടികളുടെ വാല്മീകിരാമായണം (32) **25**

7. താന്ത്രികവൈഷ്ണവദർശനം **27**

8. ഔഷധസസ്യങ്ങൾ (38) മുയൽച്ചെവിയൻ **32**

# ഗണേശമാനസപൂജാസ്തോത്രം

സമ്പാദക : അപർണ്ണാദേവി എ.

*രക്താംഭോധിസ്ഥപോതോല്ലസദരുണസരോജാധിരൂഢം ത്രിനേത്രം*
*പാശം ചൈവാങ്കുശം വൈ വരദമഭയദം ബാഹുഭിർധാരയന്തം*
*ശക്ത്യാ യുക്തം ഗജാസ്യം പൃഥുതരജഠരം നാഗയജ്ഞോപവീതം*
*ദേവം ചന്ദ്രാർധചൂഡം സകലഭയഹരം വിഘ്നരാജം നമാമി.* 1

**സാരം** - രക്തകടലിൻ നടുവിലുള്ള വള്ളത്തിൽ ശോഭിയ്ക്കുന്ന ചെന്താമരയിൽ ഇരിയ്ക്കുന്നവനും മുക്കണ്ണനും കയർ, തോട്ടി, വരദമുദ്ര, അഭയമുദ്ര എന്നിവ കൈകളിൽ ഏന്തുന്നവനും ശക്തിയോടു കൂടിയവനും പാമ്പിനെ യജ്ഞോപവീതമാക്കിയവനും ചന്ദ്രക്കലയെ ഭൂഷണമാക്കിയവനും വലിയ വയറുള്ളവനും ഗജവദനനുമായ വിഘ്നരാജനെ ഞാൻ വണങ്ങുന്നു.

*നാനാരത്നവിചിത്രകം രമണകം സിംഹാസനം കല്പിതം*
*സ്നാനം ജഹ്നുസുതാംഭസാ ഗണപതേ പീതാംബരം ഗൃഹ്യതാം*
*കണ്ഠേ മൗക്തികമാലികാ ശ്രുതിയുഗേ ദ്വേ ചാരുണീ കുണ്ഡലേ*
*നാനാരത്നവിരാജിതോ രവിവിഭായുക്തഃ കിരീടഃ ശിരേ.* 2

**സാരം** - വിവിധ രത്നങ്ങളാൽ മനോഹരമായ രമണകമെന്ന സിംഹാസനം മനസ്സാൽ സങ്കല്പിച്ചിരിയ്ക്കുന്നു. ഗംഗാജലംകൊണ്ടുള്ള കുളിയും പീതാംബരവും അല്ലയോ ഗണപതി സ്വീകരിച്ചാലും. കഴുത്തിൽ മുത്തുമാലയും ഇരുചെവിയിലും രണ്ടു മനോഹരമായ കമ്മലുകളും ശിരസ്സിൽ വിവിധ രത്നങ്ങളാൽ ശോഭിയ്ക്കുന്ന സൂര്യതുല്യം പ്രകാശിയ്ക്കുന്ന കിരീടവും സങ്കല്പിച്ചിരിയ്ക്കുന്നു.

*ഭാലേ മിശ്രിതകേസരം മൃഗമദാമോദാങ്കിതം ചന്ദനം*
*നാനാവൃക്ഷസമുദ്ഭവം സുകുസുമം മന്ദാരദൂർവാശമീഃ*
*ഗുഗ്ഗുലോദ്ഭവധൂപകം വിരചിതം ദീപം ത്വദഗ്രേപിതം*
*ഭക്ഷ്യം മോദകസംയുതം ഗണപതേ ക്ഷീരോദനം ഗൃഹ്യതാം.* 3

**സാരം** - നെറ്റിയിൽ കസ്തൂരിചാലിച്ച ചന്ദനവും വിവിധ വൃക്ഷങ്ങളിൽ വിരിഞ്ഞ മന്ദാര-കറുക-ശമീപൂക്കളും ഗുഗ്ഗുല പുകയും ദീപവും അങ്ങയുടെ മുമ്പിൽ വച്ചിരിയ്ക്കുന്നു. കൂടാതെ മോദകം പാല്പായസം എന്നീ ഭക്ഷണവും അങ്ങയ്ക്ക് നൽകുന്നു. ഇതെല്ലാം സ്വീകരിച്ചാലും.

*താംബൂലം മനസാ മയാ വിരചിതം ജംബൂഫലം ദക്ഷിണാം*
*സാഷ്ടാംഗം പ്രണതസ്തുതിം ബഹുവിധാം പൂജാം ഗൃഹാണ പ്രഭോ*
*കാമോ മേ സതതം തവാർചനവിധൗ ബുദ്ധിസ്ത്വവാലിങ്ഗനേ*

*സ്തിച്ഛാ തവ മുഖദർശനേ ഗണപതേ ഭക്തിസ്തു പാദാംബുജേ.* 4

**സാരം** - താംബൂലം, ഞാവൽപ്പഴം, ദക്ഷിണ, സാഷ്ടാംഗ നമസ്കാരം, സ്തുതി തുടങ്ങിയ പലവിധ പൂജകളും ഞാൻ നൽകുന്നു. പൂജകളെയെല്ലാം സ്വീകരിയ്ക്കു. എപ്പോഴും അങ്ങയെ പൂജിയ്ക്കുന്നതിലാണ് സന്തോഷം. അങ്ങയെ ആലിംഗനം ചെയ്യുന്നതിലാണ് എന്റെ ശ്രദ്ധ. അങ്ങയുടെ കാണുന്നതിലും ആഗ്രഹമുണ്ട്. അല്ലയോ ഗണപതി അങ്ങയുടെ കാലിണകളിൽ എപ്പോഴും എനിയ്ക്കു ഭക്തിയുണ്ടാകട്ടെ.

*മാതാ ഗണേശശ്ച പിതാ ഗണേശോ*
*ഭ്രാതാ ഗണേശശ്ച സാഖാ ഗണേശഃ*
*വിദ്യാ ഗണേശോ ദ്രവിണം ഗണേശഃ*
*സ്വാമീ ഗണേശഃ സകലം ഗണേശഃ.* 5

**സാരം** - അമ്മയും ഗണേശൻ അച്ഛനും ഗണേശൻ. സഹോദരനും ചങ്ങാതിയും ഗണേശൻ. അറിവും ധനവും സ്വാമിയും ഗണേശൻ. അങ്ങനെ എല്ലാം തന്നെ ഗണേശനാണ്. സർവ്വത്ര ഗണേശനെ കാണുന്നതായി ഭാവന ചെയ്യുന്നു.

*ഇതോ ഗണേശഃ പരതോ ഗണേശഃ*
*യതോ യതോ യാമി തതോ ഗണേശഃ*
*ഗണേശദേവാദപരം ന കിഞ്ചിത്*
*തസ്മാദ് ഗണേശം ശരണം പ്രപദ്യേ.* 6

**സാരം** - ഇവിടെയുമവിടെയും ഗണേശൻ എവിടെയെല്ലാം ചെല്ലുന്നുവോ അവിടെയെല്ലാം ഗണേശൻ. ഗണേശനല്ലാതെ വേറൊന്നുമില്ല. അതുകൊണ്ടു ഗണേശനെ ശരണം പ്രാപിയ്ക്കുന്നു.

*ബുദ്ധ്യാകൃതം വചനജം മനസേന്ദ്രിയൈർയദ്*
*ദേഹേന ജാഗ്രതിസുഷുപ്തിജസ്വപ്നജം യത്*
*യദ്യച്ച കർമ ഹി മയാ സകലം പരസ്മൈ*
*ഗജാനനായ വരദായ സമർപയേ തത്.* 7

**സാരം** - ബുദ്ധി, വാക്, മനസ്സ്, ഇന്ദ്രിയങ്ങൾ, ശരീരം എന്നിവകൊണ്ടു ജാഗ്രത്, സ്വപ്ന, സുഷുപ്തി എന്നീ അവസ്ഥകളിൽ ഞാൻ ചെയ്തതായ സകല കർമ്മങ്ങളും വരദാതാവായ ഗണേശനു സമർപ്പിയ്ക്കുന്നു.

*ദേഹേന വാചാ മനസാ കൃതാൻ മേ*
*സാംസർഗികാൻ ജാഗ്രതസ്വപ്നജാതാൻ*
*സൗഷുപ്തതൗർയാൻ സകലാപരാധാൻ*
*ക്ഷമസ്വ ഹേരംബ ദയാനിധേ ത്വം.* 8

**സാരം** - ശരീരം, വാക്, മനസ്സ് എന്നിവയാൽ ജാഗ്രത്, സ്വപ്ന, സുഷുപ്തി എന്നീ അവസ്ഥകളിൽ ചെയ്തതായ സകല അപരാധങ്ങളും അല്ലയോ ദയാനിധേ അങ്ങു ക്ഷമിയ്ക്കു.

*ദീനനാഥദയാനിധേ സുരഗണൈഃ സംസേവ്യമാന ദ്വിജ-*
*ബ്രഹ്മേശാനമഹേന്ദ്രശേഷഗിരിജാഗന്ധർവസിദ്ധൈഃ സ്തുത-*
*സർവാരിഷ്ടനിവാരണൈകനിപുണ ത്രൈലോക്യനാഥ പ്രഭോ*
*ഭക്തിം സഫലാം കുരുഷ്വ സകലാൻ ക്ഷാന്ത്വാപരാധാൻ മമ. 9*

**സാരം** - ദീനന്മാരുടെ നാഥനും ദയാനിധിയും ദേവസമൂഹത്താൽ സേവിയ്ക്കപ്പെടുന്നവനും ബ്രാഹ്മണർ, ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ, ശേഷനാഗം, പാർവ്വതി, ഗന്ധർവർ, സിദ്ധന്മാർ എന്നിവരാൽ സ്തുതിയ്ക്കപ്പെട്ടവനും ആയ സകല ദുഃഖങ്ങളും ഇല്ലാതാക്കാൻ സമർത്ഥനായ മൂന്നു ലോകങ്ങളുടെയും നാഥനായ പ്രഭോ എൻെറ എല്ലാ അപരാധങ്ങളെയും ക്ഷമിച്ചു ഫലസിദ്ധിയുള്ള ഭക്തി നൽകൂ.

# സംസ്കൃതപഠനം (51)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

*ജ്ഞാനേ മൗനം ക്ഷമാ ശക്തൗ ത്യാഗേ ശ്ലാഘാവിപര്യയഃ*
*ഗുണാ ഗുണാനുബന്ധിത്വാത് തസ്യ സപ്രസവാ ഇവ* 22

ജ്ഞാനേ മൗനം ക്ഷമാ ശക്തൗ ത്യാഗേ ശ്ലാഘാവിപര്യയഃ ഗുണാഃ ഗുണാനുബന്ധിത്വാത് തസ്യ സപ്രസവാഃ ഇവ.

**വിഭക്ത്യാദികൾ :**

| | |
|---|---|
| ജ്ഞാനേ | അകാരാന്തഃ നപുംസകലിംഗഃ സപ്തമീ ഏകവചനം |
| മൗനം | അകാരാന്തഃ നപുംസകലിംഗഃ പ്രഥമാ ഏകവചനം |
| ക്ഷമാ | ആകാരാന്തഃ സ്ത്രീല്ലിംഗഃ സപ്തമീ ഏകവചനം |
| ശക്തൗ | ഈകാരാന്തഃ സ്ത്രീല്ലിംഗഃ സപ്തമീ ഏകവചനം |
| ത്യാഗേ | അകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം |

| | |
|---|---|
| ശ്ലാഘാവിപര്യയഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഗുണാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഗുണാനുബന്ധിത്വാത് | അകാരാന്തഃ നപുംസകലിംഗഃ പഞ്ചമീ ഏകവചനം |
| തസ്യ | തകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| സപ്രസവാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |
| ഇവ | അവ്യയം |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| ശ്ലാഘാവിപര്യയഃ | ശ്ലാഘായാഃ വിപര്യയഃ |
| സപ്രസവാഃ | സഹ പ്രസവോ യേഷാം തേ |

## പദാർത്ഥങ്ങൾ:

| | |
|---|---|
| ജ്ഞാനേ | അറിവുള്ളപ്പോൾ |
| മൗനം | മൗനം |
| ക്ഷമാ | ക്ഷമ |
| ശക്തൗ | ശക്തിയുള്ളപ്പോൾ |
| ത്യാഗേ | ത്യാഗമുള്ളപ്പോൾ |
| ശ്ലാഘാവിപര്യയഃ | മുഖസ്തുതിയോട്ടു ശത്രുതാ |
| ഗുണാഃ | ഗുണങ്ങൾ |
| ഗുണാനുബന്ധിത്വാത് | ഗുണങ്ങളുടെ അനുബന്ധിത്വത്താൽ |
| തസ്യ | അദ്ദേഹത്തിന് |
| സപ്രസവാഃ | സഹോദരങ്ങൾ |
| ഇവ | പോലെ |

## അന്വയം/ഗദ്യക്രമം :

ജ്ഞാനേ മൗനം, ശക്തൗ ക്ഷമാ, ത്യാഗേ ശ്ലാഘവിപര്യയഃ, (ഇതി) തസ്യ ഗുണാഃ ഗുണാനുബന്ധിത്വാത് സപ്രസവാഃ ഇവ (അഭ്രവൻ)

**അന്വയാർത്ഥം :**

അറിവുണ്ടെങ്കിലും മൗനവും, ശക്തിയുമുണ്ടെങ്കിലും ക്ഷമയും, ത്യാഗമുണ്ടെങ്കിലും മുഖസ്തുതിയോടു ശത്രുതയും എന്നപ്രകാരം അദ്ദേഹത്തിനു ഗുണങ്ങൾ ഗുണങ്ങളോടു ചേർന്നിരിക്കയാൽ കൂടെ ജനിച്ചവരെപ്പോലെയായിരുന്നു.

**സാരം :**

പരസ്പര വിരുദ്ധങ്ങളായ ഗുണങ്ങൾപോലും അദ്ദേഹത്തിൽ സഹോദരങ്ങളെപ്പോലെയാണ് വർത്തിച്ചിരിക്കുന്നത്. സാധാരണ ജനങ്ങൾ ജ്ഞാനമുണ്ടെ ങ്കിൽ വാചാലനാവുകയാണു ചെയ്യാറുള്ളത്. അതുപോലെ ശക്തർക്കു ക്ഷമയുണ്ടാവുകയില്ല. ദാനം ചെയ്യുമെങ്കിലും ആത്മപ്രശംസ ചെയ്യുവാനോ മുഖസ്തുതി കേൾക്കാൻ തല്പരരാകുകയോ ചെയ്യും. എന്നാൽ ദിലീപ മഹാരാജാവിന്റെ കാര്യത്തിൽ യഥാക്രമം മൗനവും ക്ഷമയും ആത്മപ്രശംസാവിഹീനതയുമാണ് കാണാ നുള്ളത്. വിരുദ്ധങ്ങളായ ഗുണങ്ങൾ അദ്ദേഹത്തിൽ സഹോദരങ്ങളെപ്പോലെയാണു വർത്തിക്കുന്നത്.

(തുടരും)

# തന്ത്രോച്ചയം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

അഭിനവഗുപ്തപാദരാൽ എഴുതപ്പെട്ട മറ്റൊരു ഗ്രന്ഥമാണ് തന്ത്രോച്ചയം. അദ്ദേഹത്താൽ എഴുതപ്പെട്ട അതിബൃഹത്തായ തന്ത്രാലോകത്തിന്റെ സംഗ്രഹമാണു തന്ത്രസാരം. ഇരുപത്തിരണ്ട് ആഹ്നികങ്ങളിലായി തന്ത്രസാരത്തിൽ തന്ത്രാലോകത്തിൽ പറഞ്ഞ വിഷയങ്ങളെ ചുരുക്കി പറഞ്ഞിരിക്കുന്നു. അതിന്റെയും ചുരുക്കരൂപമാണ് തന്ത്രോച്ചയം. ഇതിൽ പത്ത് ആഹ്നികങ്ങളിലായാണു വിഷയങ്ങളെ സംഗ്രഹിച്ചിരിക്കുന്നത്. ഇതിന്റെയും സംഗ്രഹരൂപമാണ് അദ്ദേഹത്താൽ തന്നെ വിരചിതമായ തന്ത്രവടധാനിക. ഇതിൽ മൂന്ന് ആഹ്നികങ്ങളിലായാണു വിഷയങ്ങളെ സംഗ്രഹിച്ചിരിക്കുന്നത്.

തന്ത്രസാരം, തന്ത്രോച്ചയം, തന്ത്രവടധാനികാ എന്നിവ തന്ത്രാലോകത്തിന്റെ തന്നെ സംഗ്രഹം ആണെങ്കിലും ഇവ ഓരോന്നിനും തനതായ അസ്തിത്വം ഉണ്ട്. തന്ത്രോച്ചയത്തിലെ ആദ്യത്തെ അഞ്ച് ആഹ്നികങ്ങളിലെ വിഷയ

ങ്ങൾ തന്ത്രസാരത്തിലെ ആദ്യത്തെ അഞ്ച് ആഹ്നികങ്ങൾക്ക് സമാനമാണ്. ആറാമത്തെ ആഹ്നികത്തിൽ ദേശാദ്ധ്വം, കാലാദ്ധ്വം എന്നിവയാണു പ്രധാന ചർച്ചാവിഷയം. ഏഴാമത്തെ ആഹ്നികത്തിൽ തത്ത്വം, എട്ടിൽ ശക്തിപാതം, ഒൻപതിൽ നിത്യ, നൈമിത്തിക കർമ്മങ്ങൾ, പത്തിൽ ഗുരുസപര്യ എന്നിവയാണു ചർച്ചാവിഷയങ്ങൾ.

തന്ത്രോച്ചയത്തെക്കുറിച്ചു പഠിച്ച ടൊറെല്ല എന്ന പാശ്ചാത്യപണ്ഡിതൻ അഭിപ്രായപ്പെടുന്നത് ഇത് അധികം പ്രചാരത്തിൽ ഉണ്ടായിരുന്നിരിക്കാൻ സാദ്ധ്യത ഇല്ലാത്ത ഒരു ഗ്രന്ഥമാണെന്നാണ്. ഇതിന്റെ ആകെ മൂന്നു താളിയോലപ്പകർപ്പുകൾ മാത്രമേ ഇതുവരെ കണ്ടെത്തിയിട്ടുള്ളൂ. ഏറെ അത്ഭുതകരമായ ഒരു വസ്തുത ഇതിൽ ഒരു പകർപ്പു കിട്ടിയതു തിരുവനന്തപുരം താളിയോലഗ്രന്ഥാവലിയിൽ നിന്നുമാണ് എന്നുള്ളതാണ്. കെ.സി. പാണ്ഡെ ഇത് അഭിനവഗുപ്തപാദരുടെ കൃതിതന്നെയാണോ എന്നുപോലും സംശയം ഉന്നയിക്കുന്നുണ്ട്.

തന്ത്രോച്ചയത്തിന്റെ മൊഴിമാറ്റമാണ് ഇവിടെ ചെയ്യാൻ ഉദ്ദേശിക്കുന്നത്. വാക്കുകളെ കൃത്യമായി പരിഭാഷപ്പെടുത്തുന്നതിനു പകരമായി ആശയം കൃത്യമായി മലയാളത്തിലേക്കു തർജ്ജമ ചെയ്യുന്നതിലാണ് ഊന്നൽ കൊടുത്തിരിക്കുന്നത്.

## ഒന്നാം ആഹ്നികം

***വിമലകലാശ്രയാഭിനവസൃഷ്ടിമഹാജനനീ***
***ഭരിതതനുശ്ച പഞ്ചമുഖഗുപ്തരുചിർജനകഃ***
***തദുഭയയാമളസ്ഫുരിതഭാവവിസർഗ്ഗമയം***
***ഹൃദയമനുത്തരാമൃതകുലം മമ സംസ്ഫുരതാത്***

(വിമലകലാശ്രയാഭിനവസൃഷ്ടിമഹാജനനീ ഭരിതതനുഃ പഞ്ചമുഖഗുപ്തരുചിർജനകഃ തദുഭയയാമളസ്പുരിതഭാവവിസർഗ്ഗമയം അനുത്തരാമൃതകുലം ഹൃദയം മമ സംസ്ഫുരതാത്.)

അഭിനവന്റെ സൃഷ്ടിക്കു കാരണമായ അമ്മയായ വിമലകലയുടേയും നൃസിംഹഗുപ്തന്റെയും പരസ്പരം ഒത്തുചേരലിൽ ഉടലെടുത്തതായ വിസർഗ്ഗസ്വരൂപമായ അനുത്തരമാകുന്ന ഹൃദയം എനിക്കു പ്രകാശിക്കട്ടെ.

***പരഹിതകരണനിയുക്തോ ഗുരുഭിസ്തന്ത്രോച്ചയമിതി ഗ്രന്ഥം***
***അഭിനവഗുപ്തോ രചയതി മിതമഭിജനഹൃദയവിനോദിനം***

**അർത്ഥം** : ഗുരുക്കന്മാരാൽ മറ്റുള്ളവർക്കു ഹിതമായതു ചെയ്യാൻ നിയുക്തനായ അഭിനവഗുപ്തൻ എന്ന ഞാൻ സഹൃദയന്മാരുടെ ഹൃദയത്തിന്

ആനന്ദം പകരുന്നതായ തന്ത്രോച്ചയം എന്ന ഗ്രന്ഥത്തെ രചിക്കുന്നു.

*അജ്ഞാനം കില ബന്ധഹേതുരുദിതഃ ശാസ്ത്രേ.*

അജ്ഞാനം ആണു ബന്ധനത്തിനു കാരണം എന്നു ശാസ്ത്രങ്ങളിൽ പറയപ്പെട്ടിട്ടുണ്ടല്ലോ.

*വിപരീതവിനിശ്ചയനിമിത്തോ ഹി സംസാരഃ. തഥാ ഹി*

വിപരീതമായ അറിവു നിമിത്തമാണ് സംസാരം ഉണ്ടാകുന്നത്

*മലം തത്സ്മൃതം. അജ്ഞാനമേവ ഹി മലം. അതശ്ച*
*പൂർണ്ണജ്ഞാനകലോദയേ തദഖിലം നിർമ്മൂലതാം ഗച്ഛതി*

അതിനെ മലം എന്നു പറയുന്നു. അജ്ഞാനമാണു മലം. അതുകൊണ്ടുതന്നെ പൂർണ്ണജ്ഞാനമാകുന്ന കലയുടെ ഉദയം ഉണ്ടാകുമ്പോൾ ആ അജ്ഞാനം മുഴുവനും വേരറ്റുപോകുന്നു.

*അപൂർണ്ണേ ഹി ജ്ഞാനേ യാവത്യേവ സമ്യഗ്ജ്ഞാനം താവതീ*
*വിമുക്തിസ്താവതി ജ്ഞേയീഭൂതേ താവദുത്തീർണ്ണപ്രമാതൃ*
*ത്വാവഭാസാത്*

അപൂർണ്ണജ്ഞാനം (അജ്ഞാനം) ഉള്ളപ്പോൾതന്നെ എപ്പോഴാണോ യഥാർത്ഥ ജ്ഞാനം ഉണ്ടാകുന്നത് ആ ക്ഷണം മുക്തി സംഭവിക്കുന്നു. എന്തെന്നാൽ അപ്പോൾ വിശ്വോത്തീർണ്ണമായ പ്രമാതൃത്ത്വജ്ഞാനം അയാളിൽ ഉളവാകുന്നു.

*പൂർണ്ണേ തു ജ്ഞാനേ സമസ്തോത്തീർണ്ണം സമസ്താത്മഭൂതം ച*
*പ്രമാതൃത്ത്വം ശിവരൂപമേവ ഭാതീതി ന കുത്രചിദംശഭാഗേ അസ്യ*
*അജ്ഞാനം സ്യാത്.*

ഇപ്രകാരം പൂർണ്ണജ്ഞാനമുണ്ടായാൽ വിശ്വോത്തീർണ്ണവും വിശ്വാത്മകവുമായ പ്രമാതൃത്ത്വം ആയ ശിവബോധമാണ് ഉണ്ടാകുന്നത് എന്നുള്ളതുകൊണ്ട് അജ്ഞാനത്തിന്റെ ഒരു കണികപോലും അയാളിൽ അവശേഷിക്കുന്നില്ല.

*ധ്വസ്താശേഷമലാത്മസംവിദുദയേ മോക്ഷശ്ച*

എപ്പോഴാണോ മുഴുവൻ മലങ്ങളും ഇല്ലാതായി ബോധം ഉദിക്കുന്നത് അതാണു മോക്ഷം.

*ന ത്വന്യത്കിംഞ്ചിന്മോക്ഷോ നാമ അപി ത്വജ്ഞാനകാലുഷ്യസ്യാ*
*പഗമേ സർവ്വോത്തീർണ്ണസർവ്വാത്മഭൂതപൂർണ്ണസ്വതന്ത്ര*
*നിർമ്മലസംവിത്തത്ത്വപ്രകാശ ഏവ മോക്ഷഃ*

മോക്ഷം എന്നു പറയുന്ന അവസ്ഥ മറ്റൊന്നുമല്ല മറിച്ച് എപ്പോഴാണോ അജ്ഞാനം ഇല്ലാതെയായി വിശ്വോത്തീർണ്ണവും വിശ്വാത്മകവും പൂർണ്ണവും സ്വതന്ത്രവും നിർമ്മലവുമായ സംവിത് (ബോധം) പ്രകാശിക്കുന്നത് അതു തന്നെയാണു മോക്ഷം.

***തേനാമുനാ ശാസ്ത്രേണ പ്രകടീകരോമി നിഖിലം യജ്ജ്ഞേയത ത്വം ഭവേത്***

അതുകൊണ്ട് ഈ ശാസ്ത്രമുഖേന ഏതൊന്നിനെയാണോ യഥാർത്ഥ ത്തിൽ അറിയേണ്ടത് അതിനെ ഇവിടെ പ്രകടമാക്കാൻ പോകുന്നു.

***തച്ച പരമേശ്വരേണ ഷഡർദ്ധശാസ്ത്രേഷ്വേവ പൂർവ്വം നിരൂപിതം സർവ്വോത്തീർണ്ണത്വസ്യ സർവ്വാത്മഭൂതത്വസ്യ ചാഭിധാനാത്***

അതാകട്ടെ ശിവനാൽ ഷടർദ്ധശാസ്ത്രത്തിൽ (ത്രികത്തിൽ, മാലിനീവി ജയത്തിൽ) മുൻപുതന്നെ പരാമർശിക്കപ്പെട്ടിട്ടുണ്ട്, സർവ്വോത്തീർണ്ണവും സർവ്വാത്മഭൂതവും ആണ് അതെന്നു പറഞ്ഞതുകൊണ്ടുതന്നെ.

***നനു പ്രകാശസ്വഭാവോ യദ്യയം ഭഗവാംസ്തത്കസ്മാദസ്യാജ്ഞാ നമപ്രകാശാത്മകം. കഥം വാ തന്നിവർത്തതേ. ആഹ***

പ്രകാശസ്വഭാവത്തോടു കൂടിയതാണു ശിവനെങ്കിൽ എന്തുകൊണ്ടാണു പ്രകാശേതരമായ അജ്ഞാനം സംഭവിക്കുന്നത്. എങ്ങിനെയാണ് അജ്ഞാ നം ഇല്ലാതാവുന്നത്.

***ആത്മാ പ്രകാശവപുരേവ ശിവഃ സ്വതന്ത്രഃ. യസ്മാത് സ്വരൂപമാച്ഛാ ദ്യ പ്രകടയതി തത ഏവായം പരമേശ്വരഃ സ്വതന്ത്രഃ. സ ഹി പ്രകാശസ്വഭാവഃ***

ആത്മാവു പ്രകാശശരീരത്തോടു കൂടിയവനും സ്വതന്ത്രനുമായ ശിവ നാണ്. സ്വരൂപത്തെ മറച്ചുവച്ചുകൊണ്ടാണു ശിവൻ സ്വരൂപം പ്രകടിപ്പിക്കു ന്നത്. അതിനാൽത്തന്നെ ശിവൻ സ്വതന്ത്രനാണ്. ആ ശിവൻ പ്രകാശസ്വ ഭാവത്തോടു കൂടിയവനാണ്.

***അത ഏവ കേനാപി ചേദേകതമേന പ്രകാരേണ ന പ്രകാശതേ തദപ്രകാശതാ തഥാ സ്യാദിതി സർവ്വാത്മനാ സ പ്രകാശത ഇതി പ്രകാശതൈവ***

ആ ശിവൻ കേവലം ഒരുതരത്തിൽ മാത്രമല്ല പ്രകാശിക്കുന്നത്, അങ്ങ നെ ആയിരുന്നെങ്കിൽ അത് അപ്രകാശത ആയിപ്പോകും. എല്ലാമായിട്ടാണു ശിവൻ പ്രകാശിക്കുന്നത്.

*സ്വതന്ത്രതാസ്യ യച്ച സ്വരൂപപ്രകാശനം. തച്ചാക്രമാത്. യസ്യ തദൈവ ദേഹവിലയേ ശിവതൈവ. ക്രമവശാദഥവാ ത്രിഭേദാത്. ശാക്താദിരൂപതയേതി വക്ഷ്യാമഃ. ആഹ ച*

ശിവന്റെ സ്വതന്ത്രത എന്നുപറയുന്നതു സ്വരൂപത്തെ പ്രകാശിപ്പിക്കലാണ്. അതാകട്ടേ അക്രമ(ക്രമരഹിത)മായിട്ടാണ്. പ്രകാശസ്വരൂപനാണു താനെന്ന തിരിച്ചറിവുള്ള ഒരാളെ സംബന്ധിച്ച മരണാനന്തരവും ശിവത്വം തന്നെ ആണ്. (ഉപായങ്ങൾ) ക്രമത്തിൽ മൂന്നെണ്ണമാണ്. ശാക്താദിരൂപത്തിൽ അവയെ പറയാൻ പോകുന്നു.

*ഇതി തന്ത്രോച്ചയേ പ്രഥമമാഹ്നികം*

ഇങ്ങനെ തന്ത്രോച്ചയത്തിൽ ഒന്നാം ആഹ്നികം കഴിഞ്ഞു.

## രണ്ടാമാഹ്നികം

*തത്ര സ പരമേശ്വരപ്രകാശഃ കസ്യചിദവിരതപ്രബന്ധതയാ പുനരുപായനിരപേക്ഷതയാ ഭാതി, ഏകവാരം ഗുരുവചനമീദൃശം സമ്യഗവധാര്യ. തദ്യഥാ*

ചില ആളുകൾക്ക് ആ പരമേശ്വരപ്രകാശം ഗുരുമുഖത്തിൽ നിന്ന് ഉപദേശമായി ഒരുതവണ ശ്രവിച്ച മനസ്സിലാക്കുന്ന മാത്രയിൽതന്നെ സദാസമയവും ഉപാധിരഹിതമായി പ്രകാശിക്കുന്നു. (ആ ഉപദേശം) അതിങ്ങനെയാണ്.

*ഉപായജാലം ന ശിവം പ്രകാശയേത്. യുക്തം ചൈതത്. യതഃ ഘടേന കിം ഭാതി സഹസ്രദീധിതിഃ*

ഉപായങ്ങളൊന്നും തന്നെ ശിവനെ പ്രകാശിപ്പിക്കുന്നില്ല. ഇതു വളരെ ശരിയാണ്, കാരണം

ഒരു മൺകുടത്തിനു സൂര്യനെ പ്രകാശിപ്പിക്കാൻ സാധിക്കില്ലല്ലോ.

*അതഃ ശിവപ്രസാദാദേവ വിശ്വം ഭാതി. വിശ്വമദ്ധ്യേ സമസ്ത ഉപായവർഗ്ഗഃ*

അതുകൊണ്ടുതന്നെ ശിവാനുഗ്രത്താലാണ് ഈ പ്രപഞ്ചം മുഴവൻ പ്രകാശിക്കുന്നത്. ശിവനാൽ പ്രകാശിപ്പിക്കപ്പെടുന്ന ഈ പ്രപഞ്ചത്തിൽ മുഴവൻ ഉപായവർഗ്ഗങ്ങളും അന്തർഭവിക്കുന്നു.

*വിവേചയന്നിത്ഥമുദാരദർശനഃ സ്വയം പ്രകാശം ശിവമാവിശേത് ക്ഷണാത്*

ഇപ്രകാരം വിവേചിച്ചറിയുന്ന വിശാലമായ കാഴ്ചപ്പാടോടുകൂടിയ ഒരാൾ

സ്വയം പ്രകാശസ്വരൂപനായ ശിവനെ പ്രാപിക്കുന്നു.

*അനവച്ഛിന്നവിശ്വോത്തീർണ്ണവിശ്വാത്മഭൂതസംവിദ്രൂപതയാ സ്വയം പ്രകാശത ഇതി യാവത്. ആഹ ച*

അതായത് അനവച്ഛിന്നവും വിശ്വാത്മകവും വിശ്വോത്തീർണ്ണരൂപത്തോടും കൂടി സ്വയം പ്രകാശിക്കുന്നവനായി (ശിവൻ) തീരുന്നു.

*ഇതി തന്ത്രോച്ചയേ ദ്വിതീയമാഹ്നികം*

ഇപ്രകാരം തന്ത്രോച്ചയത്തിലെ രണ്ടാമാഹ്നികം സമാപിക്കുന്നു.

## മൂന്നാമാഹ്നികം

*കസ്യചിത്തു പരമേശ്വരപ്രകാശസ്തദീയായാം സ്വാതന്ത്ര്യശക്തൗ നിർജ്ഞാതായാം പ്രകാശതേ*

ചില ആളുകളെ സംബന്ധിച്ചു സ്വസ്വാതന്ത്ര്യശക്തിയെക്കുറിച്ചു തിരിച്ചറിവുണ്ടാകുമ്പോൾ ശിവബോധം പ്രകാശിക്കുന്നു.

*യദിദം വിശ്വം തത് പ്രകാശതേ താവദ്ബഹിഃ പ്രകാശിതമപി തു തദവശ്യം പരാമൃശ്യതേ പരാമർശേന വിനാ പ്രകാശിതമപ്യപ്രകാശിതകല്പം യതഃ പരാമൃശ്യതേ ച ന ബഹിഃ പരാമർശാവസരേ അന്തർമ്മുഖതോല്ലാസസ്യ സംവേദനാത്.*

ഈ പ്രപഞ്ചം പ്രകാശിക്കുന്നുണ്ട്. (അതായത് ഈ പ്രപഞ്ചത്തെക്കുറിച്ചുള്ള ബോധം നമ്മൾക്കുണ്ടാവുന്നുണ്ടെന്നർത്ഥം). പുറത്താണു പ്രകാശിക്കുന്നതെങ്കിലും ആ പ്രപഞ്ചം പരാമർശിക്കപ്പെടുന്നുണ്ട്. പരാമർശം ഇല്ലാതെ പ്രകടമായ ഒരു വസ്തു ആണെങ്കിൽപോലും ബോധത്തിൽ അപ്രകടമായിത്തന്നെ നിൽക്കുന്നു. പുറത്താണു വസ്തുക്കളെ പരാമർശിക്കുന്ന അവസരത്തിൽ ഉള്ളിലെന്നോണമാണു പരാമർശം സംഭവിക്കുന്നത്.

*അന്തശ്ചേത് പരാമൃശ്യതേ അത്രൈവൈതത് സ്ഫുരതി ബഹിരപി പ്രകാശമാനം, അന്യഥാപ്ര കാശിതം ന പരാമൃഷ്ടം സ്യാത് പരാമൃഷ്ടം ച ന പ്രകാശിതം ഭവേത്*

പുറത്തു പ്രകാശിക്കുന്ന വസ്തുക്കളുടെ പരാമർശം ഇവിടെ ആണു നടക്കുന്നത് എന്ന ബോധം ഉള്ളിലാണു സംഭവിക്കുന്നത്. അങ്ങനെ അല്ലെങ്കിൽ പ്രകാശിക്കുന്നവസ്തുക്കളുടെ പരാമർശം സംഭവിക്കാതെ പോകും അല്ലെങ്കിൽ പരാമർശിക്കപ്പെട്ടതു പ്രകാശിക്കുന്നില്ല എന്ന അവസ്ഥ വരും.

*തതശ്ച പ്രകാശഃ പരാമർശഃ ഇത്യുഭയമപ്യാന്ധ്യം ഭവേത്*

(ബോധത്തിലല്ല പരാമരർശം സംഭവിക്കുന്നതെങ്കിൽ) പ്രകാശം, പരാമ ർശം ഇവ രണ്ടും കാണാതെയും സംഭവിക്കാതെയും പോകും)

***ഏവം ച പ്രകാശപരാമർശസ്വഭാവമേവ സംവേദനം***

ഇപ്രകാരം പ്രകാശത്തിന്റെ പരാമർശ സ്വഭാവമാണ് സംവേദനം എന്നു പറയുന്നത്.

***തദഭിന്നാശ്ച ഭാവാഃ പരാമർശബലാദ്ഭിന്നാ ഇവ പ്രതീയന്തേ***

ഇപ്രകാരം പ്രകാശപരാമർശസ്വഭാവങ്ങളിൽ പെടാത്താവയെക്കുറിച്ചു നമ്മളിൽനിന്നു ഭിന്നമാണെന്നുള്ള അറിവാണു നമ്മൾക്കുണ്ടാകുന്നത്.

***പരാമർശാത്മികാ ച പരമേശ്വരസ്യ പഞ്ചാശദ്വർണ്ണദേവതാമയീ അകൃത്രിമാ സംകേതനിരപേക്ഷാ ശക്തിരിതി സ്വശക്ത്യൈവ മമാന്തർവിശ്വം ഭാതി***

പരാമർശം എന്നു പറയുന്നതു ശിവന്റെ (എന്റെ തന്നെ) അമ്പത്തൊന്നക്ഷരങ്ങളോട്ടു കൂടിയതും അകൃത്രിമവും വാച്യവാചക സംബന്ധങ്ങൾക്കതീതമായതുമായ ശക്തിയാണ്. ആ സ്വശക്തിയാലാണ് എന്റെ ഉള്ളിൽ ഇക്കാണുന്ന പ്രപഞ്ചം പ്രതിഫലിക്കുന്നത്.

***ദേവദത്തോപി നാമാഹമേവ സംവിദ്രൂപഃ, തദീയശരീരസുഖാദി തു മദീയവദ്ഘടാദിവച്ച സംവേദനദർഷണാന്തർഭാതീതി സിദ്ധോ അഹം സ്വാതന്ത്ര്യശക്തിഭാസിതവിശ്വാഭാസഃ പരമേശ്വരോ വിഭുരേകോ നിത്യ ഇതി മുഹുർമ്മുഹുർഭാ വയൻ സ ഏവ***

ദേവദത്തൻ എന്നുപറയുന്നത് എന്റെതന്നെ ബോധമാണ്, ദേവദത്തന്റെ ശാരീരിക സുഖങ്ങളും എന്റേതാണ്, ഇതെങ്ങനെയെന്നാൽ ഒരു ഘടം എപ്രകാരമാണോ കണ്ണാടിയിൽ പ്രകാശിക്കുന്നത് അതുപോലെ ഇവയെക്കെത്തന്നെ എന്റെ ബോധത്തിൽ പ്രതിഫലിക്കുന്നവയാണ്. എന്റെ സ്വാതന്ത്ര്യശക്തിയാൽ പ്രകാശിതമാക്കപ്പെട്ടതാണ് ഈ പ്രപഞ്ചം. ആ ഞാൻ ശിവനും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നവനും ഏകനും നിത്യനും ആണ്. ഇപ്രകാരമെല്ലാം നിരന്തരം ഭാവന ചെയ്യുന്നവനെ സംബന്ധിച്ച്

***അന്തർവിഭാതി സകലം ജഗത്***

ഈ വിശ്വം ഉള്ളിൽതന്നെ പ്രകാശിക്കുന്നു.

***ക്വ. സ്വപ്രകാശേ. കഥം***

എവിടെ പ്രകാശിക്കുന്നു? സ്വപ്രകാശത്തിൽ. അഥവാ സ്വബോധ

ത്തിൽ. എപ്രകാരം?

*യദ്വദ്വിചിത്രരചനാ മുകുരാന്തരാളേ*

എപ്രകാരമാണോ ജൈവവൈവിധ്യങ്ങൾ കണ്ണാടിയിൽ പ്രകാശിക്കുന്നത് അതുപോലെ

***ഏതേന ഗ്രാഹ്യഗ്രാഹകഭാവഃ കാര്യകാരണഭാവഃ നാശ്യനാശകഭാവഃ ആധാര്യാധാരഭാവ ഇത്യാദി സർവ്വം തത്രാന്തർഭാസമാനം സമർത്ഥിതം.***

ഇപ്രകാരം ഗ്രാഹ്യഗ്രാഹകഭാവം, കാര്യകാരണഭാവം, നാശ്യനാശകഭാവം, ആധാര്യാധാരഭാവം എന്നീ സകലവും ബോധത്തിൽതന്നെ അന്തർഭവിക്കുന്നതാണെന്നു സമർത്ഥിക്കപ്പെട്ടു.

***വിചിത്രാവഭാസസ്യ മുകുരേ അപ്യസ്യ ദൃഷ്ടസ്യ മുകുരാദ്ഭേദാനുപപത്തേഃ. ബോധസ്യ ത്വേഷ വിശേഷഃ***

വിചിത്രങ്ങളായ വസ്തുക്കളെ പ്രതിബിംബിപ്പിക്കുന്ന കണ്ണാടിക്ക് ആ വസ്തുക്കളിൽനിന്നും ഭേദമില്ല. ഇതാണു ബോധത്തിന്റെ പ്രത്യേകത. (ബോധമാകുന്ന കണ്ണാടിയുടെ പ്രത്യേകത)

***ബോധഃ പരം നിജവിമർശനസാരവൃത്ത്യാ വിശ്വം പരാമർശതി***

ബോധം തന്റെ വിമർശനം എന്ന സ്വസിദ്ധമായ പ്രത്യേകതയിലൂടെ വിശ്വത്തെ പരാമർശിക്കുന്നു.

***നോ മുകുരസ്തഥാ തു***

അല്ലാതെ കണ്ണാടി എന്നപോലെ അല്ല.

***അന്യം പ്രതി ഹി സ പ്രകാശ്യഃ പരാമർശനീയശ്ചേതി പരതന്ത്രോ ജഡഃ. ആഹ ച***

ജഡം എന്നു പറയുന്നതു പ്രകാശ്യം (പ്രകാശിപ്പിക്കപ്പെടുന്നത്), പരാമർശിക്കപ്പെടുന്നത്, പരതന്ത്രം എന്നീ പ്രത്യേകതകളോടു കൂടിയതാണ്.

***ഇതി തന്ത്രോച്ചയേ തൃതീയമാഹ്നികം***

ഇപ്രകാരം തന്ത്രോച്ചയത്തിൽ മൂന്നാമാഹ്നികം കഴിഞ്ഞു.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (19)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

ഏവമപി ശുദ്ധസ്യ പരമാത്മനഃ സർവ്വപ്രമാതൃനസ്യൂതത്ത്വേന സ്ഥിതത്ത്വാദ വശ്യം പ്രമാതൃഗണഗതമഖ്യാതിമാലിന്യമായാതീതി യത്തന്നേതി ദൃഷ്ടാന്തേനാ വേദയതി.

*36. ജലധരധൂമരജോഭിർമലിനീക്രിയതേ യഥാ ന ഗഗനതലം.*
*തദ്വന്മായാവികൃതിഭിരപരാമൃഷ്ടഃ പരഃ പുരുഷഃ.*

**സാരം** - ഇങ്ങനെ ശുദ്ധനായ പരമാത്മാവ് എല്ലാ പ്രമാതാക്കളിലും അനുസ്യൂതം സ്ഥിതി ചെയ്യുന്നതാണെന്നതിനാൽ തീർച്ചയായും പ്രമാതൃഗണങ്ങളുടെ ഖ്യാതിക്കു കാരണമായ മാലിന്യത്തെ പ്രാപിക്കുന്നില്ലേ എന്നു ചോദിച്ചാൽ ഇല്ലെന്നു തെളിവിനാൽ സമർത്ഥിക്കുന്നു.

എപ്രകാരമാണോ മേഘം, പുക, പൊടി എന്നിവ ആകാശത്തെ മലിനമാക്കിത്തീർക്കാത്തത് അപ്രകാരം തന്നെ മായയുടെ വികൃതികളാൽ പരമാത്മാവ് ബാധിക്കപ്പെടുന്നില്ല.

**വിവൃതി** - യഥാ മേഘധൂമധൂളീപുഞ്ജൈരാകാശസ്ഥൈരപ്യാകാശപൃഷ്ഠമമലിനം സ്വഭാവതോ ന മലിനം വിധീയതേ നാപി നിത്യതാവൈതത്യഖണ്ഡാനാം വാ നീയതേ കേവലം ദർപ്പണപ്രതിബിംബവത്തത്തദവസ്ഥാവിചിത്രം ഗഗനം ഗഗനമേവ സർവ്വദാ തഥാത്ത്വേന പ്രത്യഭിജ്ഞാനാത്. തദ്വത് ഇതിതഥൈവ മായാവികൃതിഭിഃ അഖ്യാതിസമുത്ഥൈർവികാരൈർന്നാനാ പ്രമാതൃഗതൈർജന്മമരണാദ്യനേകവിചിത്രാവസ്ഥാമയൈർഭഗവത്സ്ഥൈരപി ഭഗവാന്ന പരമൃഷ്ടഃ ന തൈ രപഹൃതസ്വരൂപോ യതഃ സ ഏവ പരഃ പുരുഷഃ ഇതി സർവ്വപുരുഷാണാം ജീവാനാമാദ്യ ഉല്ലാസോ വിശ്രാന്തിസ്ഥാനം ചേതി സർവ്വാനുഭവിതൃതയാ സദാ സ്ഫുരതീതി പരശബ്ദേന നിർദ്ദിഷ്ടഃ. തസ്മാന്ന സ്വസമുത്ഥൈരപ്രകാശരൂപൈർമ്മായാവികാരൈരൈന്ദ്രജാലികവദ്ഭഗവതഃ കാചിത് ഖണ്ഡനേതി പരമേഷ്ഠിനാ നരേ ശ്വരവിവേകേ/പ്യുക്തം.

യദ്യപ്യർത്ഥസ്ഥിതിഃ പ്രാണപുര്യഷ്ടകനിയന്ത്രിതേ.
ജീവേ നിരുദ്ധാഃ തത്രാപി പരമാത്മനി സാ സ്ഥിതാ.

തദാത്മനൈവ തസ്യ സ്യാത് കഥം പ്രാണേന യന്ത്രണാ. ഇതി.

**പരിഭാഷ** - എപ്രകാരമാണോ മേഘം, പുക, പൊടി, എന്നിവയെക്കൊണ്ട് ആകാശം സ്വാഭാവികമായി മലിനമാകുകയോ അതിന്റെ നിത്യതയ്ക്കോ അഖണ്ഡതയ്ക്കോ മാറ്റം സംഭവിക്കുകയോ ചെയ്യാത്തത് ദർപ്പണത്തിലെ പ്രതിബിംബം പോലെ അവസ്ഥാവൈചിത്ര്യം കൂടാതെ ആകാശം ആകാശമായിത്തന്നെ കാണപ്പെടുന്നത് അതുപോലെ മായയുടെ വികൃതികളാൽ അജ്ഞാനത്തിൽനിന്നുണ്ടായ വികാരത്തിൽനിന്നും നാനാപ്രമാതാക്കളായിത്തീർന്നു. ജനനം, മരണം തുടങ്ങിയ വിചിത്രങ്ങളായ അവസ്ഥകൾ ഭഗവാനിൽ ഉള്ളതാണെങ്കിൽക്കൂടി ഭഗവാൻ അവകളാൽ ബാധിക്കപ്പെടുന്നില്ല. കാരണമെന്തെന്നാൽ ഭഗവാൻ പരമപരുഷനാകുന്നു. അതുപോലെത്തന്നെ എല്ലാ പുരുഷന്മാരുടെയും ജീവന്മാരുടെയും ഉല്ലാസവും വിശ്രാന്തിസ്ഥാനവുമാകുന്നു. എല്ലാറ്റിലും അനുഭവിക്കപ്പെടുന്ന വസ്തുവായിരിക്കുന്നുവെന്നതാണ് പരശബ്ദം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ തന്നിൽനിന്നുംതന്നെ ഉണ്ടായ അപ്രകാശരൂപമായ മായയുടെ വികാരങ്ങളാൽ ഒരു ഇന്ദ്രജാലക്കാരനെപ്പോലെ ഭഗവാൻ ബാധിക്കപ്പെടുന്നില്ല.

പ്രാണൻ പുര്യഷ്ടകം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്ന ജീവന്മാർ പരിമിതരാക്കപ്പെട്ടവരാണെങ്കിൽക്കൂടി അവർ പരമാത്മാവിൽ സ്ഥിതി ചെയ്യുന്നവരാണ്. പ്രാണൻ ആ പരമമായതിന്റെതന്നെ സ്വരൂപമാണ് എന്നുള്ളപ്പോൾ ആ പ്രാ ണൻ കാരണം പരമാത്മാവിന് എങ്ങനെ ബന്ധനം വരാനാണ്. (അജഡപ്രമാതൃസിദ്ധിഉത്പലദേവൻ)

നന്വേകചിന്മാത്രപരമാർത്ഥാ അപി പുരുഷാ വിശിഷ്ടസുഖദുഃഖമോഹജന്മമരണാദിനാ അവസ്ഥാവൈചിത്ര്യഭാജശ്ചേതി കഥമേതദിതി ദൃഷ്ടാന്തമാഹ.

*37 ഏകസ്മിൻ ഘടഗഗനേ രജസാ വ്യാപ്തേ ഭവന്തി നാന്യാനി.*
*മലിനാനി തദ്വദേതേ ജീവാഃ സുഖദുഃഖഭേദജുഷഃ.*

**സാരം** - എന്നാൽ ജീവന്മാർ ഏകചിന്മാത്ര പരമാർത്ഥമായതിന്റെ തന്നെ സ്വരൂപങ്ങളാണെങ്കിലും വിശിഷ്ടങ്ങളായ സുഖം, ദുഃഖം, മോഹം, ജന്മം, മരണം എന്നിങ്ങനെയുള്ള അവസ്ഥാഭേദങ്ങൾക്ക് കാരണമാകപ്പെടുന്നു. അതെങ്ങിനെയെന്നു തെളിവു പ്രകാരം പറയുന്നു.

ഒരു ഘടാകാശം പൊടി പിടിച്ചതാണെന്നു വച്ച് മറ്റുള്ളവയും അങ്ങനെയാണെന്നു പറയുക വയ്യ. അതുപോലെത്തന്നെയാണ് സുഖം, ദുഃഖം എന്നിവയെ അനുഭവിക്കുന്ന ജീവന്മാർ.

**വിവൃതി** - യഥാ ഏകസ്മിൻ കുംഭാകാശേ ധൂളിപുഞ്ജസമാച്ഛാദിതേ നാന്യാനി ഘടാകാശാനി വിമലാന്യപ്യാകാശത്ത്വാവിശേഷാത് മലിനാനി

രജസാച്ഛാദിതാനി ഭവന്തി.വിമലം വ്യാപകം നിത്യമപി ഹി ഗഗനം യാദൃശം ഘടസങ്കോചസങ്കുചിതം ഭവേത്താദൃശമേവ തസ്യൈവ ഘടസ്യ തദ്ഭവതി ന പുനഃ സർവ്വാണി ഘടപടാദ്യാകാശാനി കൃഷ്ണാഗുരുധൂപിതാനി മൃഗമദാധി വാസിതാനി വിറിരഗന്ധീനി വൈകാകാശസ്വരൂപത്ത്വാത് സങ്കീര്യന്തേ സ്വ ഗതഘടാദികൃതവിച്ഛേദാത് പ്രത്യുതൈകത്രാപി ഗഗനേ വാസ്തവേ സ്ഥിതേ ഘടാദയഃ സ്വഗതഭിത്തിസങ്കോചനിയന്ത്രിതാഃ സന്തോ നാനാഗഗനവൈചി ത്ര്യം പ്രഥയന്തി. ഇത്ഥം ഘടകൃതഃ സങ്കോച ഏവ ഗഗനതയാ തഥാ വിശിഷ്യ തേ തഥാത്വേനാർത്ഥക്രിയാകാരിത്ത്വാന്ന പുനഃ ഗഗനസ്യൈതത് കിഞ്ചി ദ്ഘടഗതം മാലിന്യാദി സ്വരൂപതിരോധാനായ ഭവതി നാപി പരസ്പരം ഘടാദ്യവച്ഛിന്നാനാം ഗഗനാനാം വ്യാമിശ്രണേതി. തദ്വത് ഇതി തദൈവാമീ ജീവാഃ പുരുഷാഃ ഏകചിന്മാത്രപരമാർത്ഥാ അപി പാരമേശ്വര്യാ മായാശ ക്ത്യാ ആണവമായീയപ്രാകൃതകോശത്രയാവേഷ്ടനേന പൂർണ്ണം വ്യാപി ചിദാ നന്ദൈകഘനം സ്വരൂപമപഹസ്ത്യ പരിമിതീകൃതാ യേനൈകചൈതന്യാ ത്മാനോപി സ്വഗതകോശത്രയവിച്ഛേദദൌരാത്മ്യാത് പരസ്പരം ഭിന്നാശ്ചേതി ഘടപ ടാദ്യാകാശവത്. ഇത്ഥം മായീയകോശകൃതോ വിച്ഛേദ ഏവ ജീവതയാ വ്യവഹ്രിയതേ ന പുനഃ പരമേശ്വരേ അനവച്ഛിന്നചിദാനന്ദൈകഘനേ ജീവാഃ പുരുഷാഃ ആത്മനോ അണവഃ ഇതി ദർശനാനന്തരദൃഷ്ടഃ കശ്ചിദ് വ്യവഹാരഃ. ഏവമാണവാദികോശാവച്ഛിന്നാ ജീവാ അനാദിവിചിത്രകർമ്മമലവാസനാ ധിവാസിതനാനാദേഹാ നാനാശയാ നാനാപുണ്യപാപസ്വർഗ്ഗനരകസുഖ ദുഃഖ ജന്മമരണാദിദ്വന്ദ്വഭേദഭാജശ്ച സന്തോ നാന്യോന്യം സങ്കീര്യന്തേ യഥാ നാനാദ്രവ്യാധിവാ സിതാനി ഘടാദ്യവച്ഛിന്നാനി ഘടാകാശാനീതി സൂപപന്ന മേകചിന്മാത്ര പരമാർത്ഥാ അപി സ്വവിച്ഛേദാദന്യോന്യഭേദജുഷശ്ചേതി.

**പരിഭാഷ** - ഏതു പ്രകാരമാണോ ഒരു ഘടാകാശം പൊടികളാൽ മൂട പ്പെട്ടിരുന്നാലും മറ്റുള്ളവ വിമലങ്ങളായി ആകാശത്തിൽനിന്നും അഭിന്നമായി രുന്നിട്ടുകൂടി പൊടികൊണ്ടു മൂടപ്പെടുകയോ മലിനമാകപ്പെടുകയോ ചെയ്യാതി രിക്കുന്നു, ആകാശം വിമലവും വ്യാപകവും നിത്യവും ആയിരിക്കുമ്പോൾത്തന്നെ ഘടത്തിനാൽ സങ്കുചിതമാക്കപ്പെട്ടതു മൂലം ആ ഘടത്തിൽ മാത്രം മാലിന്യം സംഭവിക്കുന്നു. മറ്റെല്ലാ ഘടാകാശവും പടാകാശവും[1] ചന്ദനപ്പുകകൊണ്ട് സു ഗന്ധിതമാക്കപ്പെട്ടതോ കസ്തൂരി പുരട്ടപ്പെട്ടതോ വിറിരഗന്ധമുള്ളതോ[2] ആയി ക്കൊള്ളട്ടെ ഒരേ ആകാശത്തിന്റെ സ്വരൂപമായതിനാൽ പരസ്പരം ബന്ധ

1. ഇവിടെ ആകാശമെന്ന പദത്തിന് ആ വസ്തു സ്ഥിതിചെയ്യുന്ന സ്ഥലം (Space) എന്നാണർത്ഥം.
2. വിറിരപദത്തിന്റെ അർത്ഥം ശരിയായി എന്താണെന്നറിയില്ല. ഒരു കാശ്മീര പദമായിരിക്കണമെന്ന പണ്ഡിതമതം. ഏതായാലും സുഗന്ധമല്ലാത്തതെന്ന് താല്പര്യം.

പ്പെടുന്നില്ല, ഘടം തുടങ്ങിയ വസ്തുക്കളാൽ ഉണ്ടാക്കപ്പെടുന്ന വിഭാഗങ്ങളാൽ വ്യത്യസ്തമാകപ്പെടുന്നു. ഒരു മഹാകാശത്തിന്റെ ഭാഗമായിരുന്നിട്ടു കൂടി വിവധ വസ്തുക്കളാൽ ഉണ്ടാക്കപ്പെട്ട സീമകളിലൂടെ വിവിധങ്ങളായി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. അതുപോലെത്തന്നെ ഈ ജീവന്മാർ പരമാർത്ഥമായി ഏകചിന്മാത്രരായിരുന്നിട്ടു കൂടി ഏറ്റവും ഉയർന്നതായ മായാശക്തിയുടെ പ്രഭാവത്താൽ ആണവമായീയകാർമ്മികമലങ്ങളാകുന്ന ആവരണങ്ങളോട്ടു കൂടി പൂർണ്ണമായതും വ്യാപിക്കപ്പെട്ടതും ചിദാനന്ദൈകഘനവുമായ സ്വരൂപത്തെ ചുരുക്കി പരിമിതരാക്കപ്പെട്ടു തന്നിൽതന്നെ നിലനില്ക്കുന്നതായ മൂന്നു കോശങ്ങളുടെ സ്വാധീനത്താൽ പരസ്പരം ഭിന്നങ്ങളായി ഘടപടാകാശാദികളായി നില കൊള്ളുന്നു. ഇപ്രകാരം മായീയകോശം കൊണ്ടു സൃഷ്ടിക്കപ്പെട്ടതായതാണ് ജീവനായി വ്യവഹരിക്കപ്പെടുന്നത്. ചിദാനന്ദൈകഘനമായ പരമാത്മാവിൽ മറ്റു ദർശനങ്ങളിൽ പറയപ്പെട്ട ജീവൻ, പുരുഷൻ ആത്മാ, അണു എന്നീ പ്രകാരത്തിലുള്ള വ്യവഹാരങ്ങളില്ല. ഇങ്ങനെ ആണവാദികോശങ്ങളാൽ വിവിധങ്ങളായി നിലകൊള്ളുന്ന ജീവന്മാർ അനാദിയായിട്ടുള്ള വിചിത്ര കർമ്മമലവാസനകൾക്ക് അധീനരായി വിവിധ ദേഹങ്ങളോടും ആശയങ്ങളോടും കൂടി വിഭിന്നങ്ങളായ പുണ്യപാപ, സ്വർഗ്ഗനരക, സുഖദുഃഖ, ജന്മമരണാദി ദ്വന്ദ്വങ്ങൾക്കു വിധേയരായി വ്യത്യസ്തരായി നിലനില്ക്കുന്നു. ഏതു പ്രകാരമാണോ സുഗന്ധിതമാക്കപ്പെട്ട ഘടാദികൾ വ്യത്യസ്തമായിരിക്കുന്നത് അതുപോലെത്തന്നെ ഏകമായ പരമാത്മാവിലായിട്ടു കൂടി ജീവന്മാർ തന്റെ ഭേദങ്ങളാൽ വ്യത്യസ്തരാക്കപ്പെട്ടിരിക്കുന്നു.

ഇത്ഥം ജീവമണ്ഡലഗതാ അവസ്ഥാവിശേഷാ യേ തേ കേവലം ഭഗവത്യുപചര്യന്തേ ന പുനസ്തത്ത്വതസ്തേത്ര കേചിദിത്യാഹ.

*38. ശാന്തേ ശാന്ത ഇവായം ഹൃഷ്ടേ ഹൃഷ്ടോ വിമോഹവതി മൂഢഃ.*
*തത്ത്വഗണേ സതി ഭഗവാന്ന പുനഃ പരമാർത്ഥതഃ സ തഥാ.*

**സാരം** - ഇങ്ങനെ ജീവമണ്ഡലത്തിലുള്ള അവസ്ഥാവിശേഷങ്ങൾ കേവലം ഭഗവാനിൽ നിലനില്ക്കുന്നതാണ് ശാശ്വതമായുള്ളവയല്ല എന്നു പറയുന്നു.

തത്ത്വസമൂഹങ്ങൾ ശാന്തമാകുമ്പോൾ ശാന്തമാകുകയും പ്രസന്നമാകുമ്പോൾ പ്രസന്നമാകുകയും മോഹിക്കുമ്പോൾ മോഹിക്കുകയും ചെയ്യുന്നതായി കാണപ്പെടുന്നുണ്ടെങ്കിലും ശരിയായ അർത്ഥത്തിൽ അങ്ങനെ സംഭവിക്കുന്നില്ല.

**വിവൃതി** - തത്ത്വഗണേ ഇന്ദ്രിയവർഗ്ഗേ ശാന്തേ ഉപരതേ സതിതദ്ഗതഃ പരമാത്മാ ശാന്തഃ നഷ്ട ഇത്യഭിമന്യതഃ ഏവം തസ്മിൻ ഹൃഷ്ടേ സാഹങ്കരേ സതി സ തഥൈവോപചര്യതേ പരം തമോമയേ മൂഢേ മോഹവാനിതി യഥാ സ്ഥാവരയോനൗ ന പുനഃ പരമാർത്ഥതഃ വസ്തുവൃത്തേന സഃ പരമാർത്ഥതഃ

തഥാ തേന പ്രകാരേണ ഭവതി. സർവ്വോ ഹി ജഡഭാഗഃ ഉത്പാദ്യഃ സംഹാര്യോ വാ ഭവതി ന പുനർന്നിത്യേ ഭഗവതി ബോധസ്വഭാവേ മായാദികഞ്ചുക ഗതേ വിനാശോത്പത്തീ സ്യാതാമിതി ഭഗവാൻ സദാ സമഃ.

**പരിഭാഷ** - തത്ത്വഗണം അഥവാ ഇന്ദ്രിയസമൂഹം ശാന്തമാകുമ്പോൾ അതിലെല്ലാം അന്തർഭവിച്ചിട്ടുള്ള ആത്മാവ് ശാന്തനായതായി കാണപ്പെടുന്നു. അതുപോലെ സന്തോഷിക്കുമ്പോൾ ആ അവസ്ഥ പ്രാപിച്ചതായും അത്യന്തം തമോമയമായ സ്ഥാവരയോനികളുടെ മൂഢാവസ്ഥയിൽ മോഹിക്കപ്പെട്ടവനായും കാണപ്പെടുന്നുണ്ടെങ്കിലും ശരിയായ അർത്ഥത്തിൽ അത് അപ്രകാരമല്ല. എല്ലാ ജഡാദികളും ഉണ്ടാക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും ചെയ്താലും നിത്യനായ ബോധസ്വരൂപനായ ഭഗവാനിൽ മായാദി കഞ്ചുകങ്ങൾ ഉണ്ടായിരുന്നാലും വിനാശോത്പത്തികൾ ഉണ്ടാകാതെ സദാ സമനായി നില കൊള്ളുന്നു.

സമുത്പത്തിക്രമേണാഗതാ ഭ്രാന്തിഃ പുനർജ്ഞപ്തിക്രമേണ സുതരാം സമുന്മൂലിതാ ഭവതീത്യത്ര സ്വാത്മന ഏവ സ്വാതന്ത്ര്യമിത്യാഹ

*39. യദനാത്മന്യപി തദ്രൂപാവഭാസനം തത്പുരാ നിരാകൃത്യ*
*ആത്മന്യനാത്മരൂപാം ഭ്രാന്തിം വിദലയതി പരമാത്മാ.*

**സാരം** - സമുത്പത്തിക്രമത്തിൽ വന്നു പെട്ട ഈ ഭ്രാന്തി വീണ്ടും ജ്ഞാനം ഉണ്ടാകുമ്പോൾ പൂർണ്ണമായി വേരോടെ ഇല്ലാതാകുന്നു എന്നത് ആ പരമമായ ആത്മാവിന്റെ സ്വാതന്ത്ര്യമാണെന്നു പറയുന്നു.

അനാത്മാവിൽ പരമമായ ആത്മാവിന്റെ പ്രകാശനത്തെ ആദ്യം നിരാകരിച്ചിട്ട് ആത്മാവിൽ അനാത്മഭാവമാകുന്ന ഭ്രാന്തിയെ ആ പരമാത്മാവ് മുഴുവനായും ഇല്ലാതാക്കുന്നു.

**വിവൃതി** - അനാത്മനി അചേതനലക്ഷണോ ദേഹാദൌ കൃശഃ സ്ഥൂലശ്ചാ സ്മീത്യാദി യദ് തദ്രൂപാവഭാസനം അനാത്മന്യാത്മതയാ പരാമർശനം തത് ത സ്മിൻ പുരാ ആദാവേവ നിരാകൃത്യ അഹം ചിദാനന്ദൈകഘനോനവച്ഛിന്നസ്വഭാവഃ സ്വതന്ത്രശ്ചേത്യകൃത്രിമാഹന്താസ്ഫുരണയാ കൃത്രിമദേഹാദി പ്രമാതൃതാമപ ഹൃത്യാത്മൈവ വിഗളിതദേഹബന്ധഃ പരമാത്മതാം യാതഃ സൻ ആത്മനി അസ്മിൻ സ്ഫുരദ്രൂപേ വിശ്വപദാർത്ഥേ പ്രകാശവപുഷി സ്വാങ്ഗകല്പേപി യാ ഭ്രാന്തിഃ ദേഹാദിപ്രമാതൃതാഭിമാനജനിതാ ഭേദപ്രഥാ താം വിദലയതി അഹമേവൈകോ വിശ്വാത്മനാ സ്ഫുരാമീത്യേവം ചൂർണ്ണീകരോതി. ഇദമത്ര താത്പര്യം യാവദനാത്മനി ദേഹാദാവാത്മാഭിമാനോ ന ഗളിതസ്താവത്സ്വാത്മപ്രഥാരൂപേപി ജഗതി ഭേദപ്രഥാമോഹോ വിലീയതേതശ്ചാനാത്മന്യാത്മാഭിമാനഭ്രമവിനാശാദാത്മന്യനാത്മാഭിമാനഭ്രാന്തിം പരമാത്മൈവ സ്വാത്മമഹേശ്വരോ ഭഗവാനേവ വിനാശയതി നാന്യസ്യാത്ര സാമർത്ഥ്യം.

**പരിഭാഷ** - അചേതനസ്വരൂപങ്ങളായ ദേഹാദികളാകുന്ന അനാത്മാവിൽ ഞാൻ തടിച്ചതാണ്, മെലിഞ്ഞതാണ് എന്നിങ്ങനെയൊക്കെയുള്ള ആത്മബോധപരാമർശത്തെ ആദ്യം തന്നെ നിരാകരിച്ചിട്ട് ഞാൻ ചിദാനന്ദൈകഘനനും അവച്ഛിന്നസ്വഭാവനും സ്വതന്ത്രനുമാണെന്ന അകൃത്രിമമായ അഹന്താസ്ഫുരണയെക്കൊണ്ടു ദേഹാദികളിലുള്ള കൃത്രിമമായ ദേഹാദിപ്രമാതൃതയെ ഇല്ലാതാക്കി പരമാത്മാവിനെ പ്രാപിക്കുന്നു. പ്രകാശമാനനും വിശ്വാത്മാവും പ്രകാശവപുവുമായ ആത്മാവ് ദേഹാദികളെ താനെന്നു മനസ്സിലാക്കിയതിൽ നിന്നുമുണ്ടായ ഭ്രാന്തിയെ ഞാൻ തന്നെയാണ് വിശ്വാത്മാവായിരിക്കുന്നതെന്നുള്ള ജ്ഞാനം കൊണ്ട് നിശ്ശേഷമായി ഇല്ലാതാക്കുന്നു. ഇതിനർത്ഥമെന്തെന്നു വച്ചാൽ എപ്പോൾ വരെയാ ണോ അനാത്മാവിൽ ആത്മപ്രകാശം ഉണ്ടാകാതിരിക്കുന്നത് അതുവരെ വിശ്വം ആത്മപ്രകാശരൂപത്തിൽ നിലനിന്നാലും ഭേദജ്ഞാനത്താലുണ്ടാകുന്ന മോഹം ഇല്ലാതാകുന്നില്ല. അതിനാൽ അനാത്മാവിൽ ആത്മാവാകുന്ന ഭ്രമം നശിക്കുമ്പോൾ ആത്മാവിൽ അനാത്മാവാകുന്ന അഭിമാനഭ്രാന്തിയെയും പരമാത്മാവും സ്വാത്മമഹേശ്വരനുമാകുന്ന ഭഗവാൻ തന്നെ നശിപ്പിക്കുന്നു. വേറെയാർക്കും അതിനെ നശിപ്പിക്കുവാനുള്ള ശക്തിയില്ല.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (11)

ഡോ. മുരളീകൃഷ്ണൻ എം.വി.

(കഴിഞ്ഞ ലക്കം തുടർച്ച)

## സ്തുതി 8

*ആവർജയന്തി മഠരാഞ്ജഠരാർഥമാത്ര-*
*പാത്രീകൃതാർഥകണികാ ഗണികാവിടാദ്യാഃ*
*പ്രൗഢാൻ പുനർഭുജഗഭൂഷണഭക്തിസിക്ത-*
*സൂക്താവലീവിരചനാചതുരാഃ കവീന്ദ്രാഃ*

**അർത്ഥം** - കേവലമായ ഉദരപൂർത്തിക്കായിക്കൊണ്ടു ധനത്തിനുവേണ്ടി മാത്രം പുകഴ്ത്തലുകളും ഹാസ്യവചനങ്ങളും ഉണ്ടാക്കുന്ന അഭിസാരികയും

വിദൂഷകനും ഇത്യാദികളായവർ കേവലം വിഡ്ഢികളെ തങ്ങളുടെ വശത്താക്കുന്നു.എന്നാൽ ഭുജങ്ഗഭൂഷിതനായ ഭഗവാൻ ശ്രീശങ്കരനോടുള്ള ഭക്തിയിൽ മുങ്ങിയസുന്ദരങ്ങളായ സൂക്തികളെ രചിക്കുന്ന അതിനൈപുണ്യമുള്ള മഹാകവികളാകട്ടെ അതിബുദ്ധിമാന്മാരായ പണ്ഡിതന്മാരെ സ്വന്തം വശത്താക്കുന്നു.

## സ്തുതി 9

*ധന്യഃ സ കോപി സുകവിഃ കവികർമ കൃത്ത-*
*ലോകാർതി കാർതികതുഷാരകരാനുകാരി*
*ഗായന്തി യസ്യ കൃതിനസ്ത്രിജഗത്പവിത്രം*
*ചിത്രം ചരിത്രമിവ ബാലമൃഗാങ്കമൗലേഃ*

**അർത്ഥം** - ആ ഭാഗ്യശാലികളായ മഹാകവികൾ അതീവധന്യരാണ്, എന്തെന്നാൽ ഏതൊന്നാണോ ജനങ്ങളുടെ വിഷമങ്ങളെ ഇല്ലാതാക്കുന്നത്, അതുപോലെ കാർത്തികമാസത്തിലെ പൂർണചന്ദ്രനു സമാനമായി മനോഹരമായത്, അതുപോലെ അനേക പ്രകാരത്തിൽ ആശ്ചര്യമായിരിക്കുന്നത്, ഇത്തരത്തിൽ മൂന്നുലോകങ്ങൾക്കും പവിത്രത്തെ പ്രദാനംചെയ്യുന്ന ആ കാവ്യങ്ങൾ, പുണ്യാത്മാക്കളായ ജനങ്ങൾ ബാലേന്ദുശേഖരനായ ശങ്കരന്റെ ദിവ്യചരിത്രത്തിനു സമാനമായി പാടിനടക്കുന്നു.

## സ്തുതി 10

*ത്രൈലോക്യഭൂഷണമണിർഗുണിവർഗബന്ധു-*
*രേകശ്ചകാന്തി സവിതാ കവിതാ ദ്വിതീയഃ*
*ശംസന്തി യസ്യ മഹിമാതിശയം ശിരോഭിഃ*
*പാദഗ്രഹം വിദധതഃ പൃഥിവീഭൃതോപി*

**അർത്ഥം** - ആദ്യത്തേത് ത്രിലോകങ്ങളുടേയും ഭൂഷണമായിട്ടുള്ള മണിയും, അതുപോലെ കമലരാശിയുമായി അകൃത്രിമമായ സൗഹൃദമുള്ള സൂര്യൻ ആകാശത്ത് പ്രകാശിക്കുന്നു. ആ സൂര്യന്റെ പാദങ്ങളെ (കിരണങ്ങളെ) ഭൂമീസംരക്ഷക നായ പർവ്വതം സ്വന്തം ശിരസ്സിൽ സ്വീകരിച്ചുകൊണ്ട് ആ സൂര്യന്റെ മഹിമയെ പാടുന്നു. രണ്ടാമത്തേത് ത്രിലോകങ്ങളുടേയും ഭൂഷണമായിട്ടുള്ള മണിയും, ഗുണവാന്മാരായ സഹൃദയരുമായി അകൃത്രിമമായ സൗഹൃദമുള്ള കവിതകൾ എഴുതുന്ന കവികൾ ഈ ലോകത്ത് പ്രകാശിച്ചുനിൽക്കുന്നു. അവരുടെ പാദങ്ങളെ ഭൂമീസംരക്ഷകനായ രാജാവ് സ്വന്തം ശിരസ്സിൽ വഹിച്ച് അവരുടെ മഹിമയെ പാടിപ്പുകഴ്ത്തുന്നു.

## സ്തുതി 11

*യസ്യ സ്രവന്ത്യമൃതമേവ മുഖേ തുഷാര-*
*ഹാരാഭിരാമരുചിരഞ്ചിതവക്രഭങ്ഗിഃ*
*സൂക്തിർദ്യുസിന്ധുരിവ മൂർധ്നിം ഹരസ്യ ചന്ദ്ര-*
*ലേഖേവ വാ വസതി തം സുകവിം നമാമഃ*

**അർത്ഥം** - എപ്രകാരമാണോ അമൃത് ഒഴുകുന്നതുപോലെയും, മഞ്ഞ് അല്ലെങ്കിൽ മുത്തുകൊണ്ടുള്ള മാല ഇവയ്ക്ക് സമാനമായി മനോഹരവും കാന്തിയെ നൽകുന്നതും രമണീയവും കുടിലമായ തരങ്ഗങ്ങളുടെ ശോഭയെ ധരിച്ചിരിക്കുന്ന ആകാശഗംഗ ഭഗവാൻ ശങ്കരന്റെ ശിരസ്സിൽ വസിക്കുന്നത്, അതുപോലെ എപ്രകാരമാണോ അമൃത് ഒഴുകുന്നതുപോലെയും, മഞ്ഞ് അല്ലെങ്കിൽ മുത്തുകൊ ണ്ടുള്ള മാല ഇവയ്ക്ക് സമാനമായി മനോഹരവും കാന്തിയെ നൽകുന്നതും രമണീയവും വക്രമായ ശോഭയെ ധരിച്ചിരിക്കുന്ന ചന്ദ്രക്കല ഭഗവാൻ ശങ്കരന്റെ ശിരസ്സിൽ നിവസിക്കുന്നത്, അപ്രകാരം സുമധുരമായ അമൃതരസത്തെപോലെ ഒഴുകുന്നതും, വെളുത്തമഞ്ഞ് അല്ലെങ്കിൽ മുത്തുമാലയ്ക്ക സമാനമായി നിർദോഷവും അതുപോലെ ഉപചാരത്തോടും വക്രപദങ്ങളാലും അതിമനോഹാരിതയെ പ്രാപ്തമാക്കിയ സൂക്തികൾ (കവിതകൾ) ആരുടെ മുഖത്താണോ വസിക്കുന്നത്, ആ ശ്രേഷ്ഠന്മാരായ കവികളെ പ്രണമിക്കുന്നു.

## സ്തുതി 12

*യാതാ ഗുണൈരുപചയം വിമലാ പ്രകൃത്യാ*
*നൈസർഗികം പരിണതിം പ്രഥമാം വഹന്തീ*
*ബുദ്ധിഃ സതാം ശശികലാമുകുടപ്രസാദാ-*
*ദ്വാണീ ച ന ക്വചിദപി പ്രതിഘാതമേതി*

**അർത്ഥം** - ചാതുര്യം, ഗാംഭീര്യം, കോമളത്വം ഇത്യാദികളായ ഗുണങ്ങളാൽ അഭിവൃദ്ധിയെ പ്രാപ്തമാക്കിയതും പ്രകൃതിയുടെ നിർമലമായതും പ്രകൃതിയുടെ സ്വാഭാവികമായ പ്രഥമപരിണാമത്തെ പ്രാപ്തമാക്കിയതുമാണ്വി വിദ്വാന്മാരുടെ ബുദ്ധി.അപ്രകാരം ഓജസ്സ്, പ്രസാദം, മാധുര്യം ഇത്യാദികളായ ഗുണങ്ങളാൽ പരിപൂർണമായതും ദോഷരഹിതമായതും പ്രകൃതിയുടെ നൈസർഗികമായ പ്രഥമ പരിണാമത്തെ ധരിച്ചിരിക്കുന്ന വിദ്വാന്മാരുടെ വാണീഭഗവാൻ സദാശിവന്റെ പ്രസാദരൂപത്തിലുള്ള അനുഗ്രഹത്താൽ ഒരിക്കൽപോലും തടസ്സപ്പെടുന്നില്ല.

## സ്തുതി 13

*ചന്ദ്രാവചൂഡചരണസ്മരണപ്രസാദ-*
*സന്ദർഭനിർഭരഗഭീരഗിരാം കവീനാം*
*സൂക്തിർബിഭർതി മുഖപങ്കജരങ്ഗനൃത്യ-*
*ദ്വാഗ്ദേവതാകനകനൂപുരനാദലീനാം*

**അർത്ഥം** - ഭഗവാൻ സദാശിവന്റെ ചരണങ്ങളെ സ്മരിക്കയാൽ പ്രാപ്ത മായപ്രസാദ സ്വരൂപമായ രചനകളാൽ പൂർണമായതും ഗംഭീരമായതുമായ സദ്കവികളുടെ സൂക്തിസുധകൾ (കവിതകൾ), അവരുടെ മുഖപങ്കജ രൂപിയായ നാട്യസ്ഥലമായ രംഗഭൂമിയിൽ (മുഖത്ത്) നൃത്തം ചെയ്യുന്ന വാണിയുടെ (സരസ്വതി യുടെ) കാലുകളിൽ അണിഞ്ഞിരിക്കുന്ന സ്വർണപാ ദസരങ്ങളുടെ ശബ്ദവുമായി താരതമ്യത്തെ പ്രാപ്തമാക്കുന്നു. അതായത് ശ്രീശ ങ്കരന്റെ ചരണാരവിന്ദങ്ങളെ സ്മരിക്കുക വഴി സദ്കവികളുടെ മുഖപങ്കജ ത്തിൽ നിന്നു മനോഹരങ്ങളായ സൂക്തികൾ ഉത്ഭവിക്കുന്നു. ആ സൂക്തികൾ ആ കവികളുടെ മുഖകമല രൂപിയായ രംഗഭൂമിയിൽ നൃത്തംചെയ്യുന്ന സരസ്വ തിയുടെ കാലിലെ സ്വർണപാദസരങ്ങളുടെ മനോഹരമായ ശബ്ദങ്ങളാണ്.

## സ്തുതി 14

*കാവ്യം വിഭാവ്യ നിജമർധനിമീലിതാനി*
*നൈസർഗികം ജഹതി ചാപലമീക്ഷണാനി*
*ഗൃഹ്ണന്തി തന്മസൃണതാം സഹജാം വിഹായ*
*ഭ്രൂവല്ലയസ്തു കൃതിനാം കവിപുങ്ഗവാനാം*

**അർത്ഥം** - കവികൾ എപ്പോഴൊക്കെയാണോ കാവ്യരചനയെ ചെയ്യു ന്നത്, ആ സമയം അവർ സ്വന്തം കാവ്യത്തെ നോക്കിക്കൊണ്ട് അലൗകിക മായ രസാസ്വാദനത്താൽ ഉടലെടുത്ത ആനന്ദത്താൽ അവരുടെ കണ്ണുകൾ പകുതി അടഞ്ഞിരിക്കുന്നു. അവ സ്വന്തം സ്വാഭാവിക ചഞ്ചലതയ്ക്കുവേണ്ടി ത്യാ ഗത്തെ ചെയ്യുന്നു. എന്തെന്നാൽ അവരുടെ കൺപീലികൾ അവരുടെ സ്ഥിര തയെ ത്യാഗം ചെയ്തുകൊണ്ടു കണ്ണുകളുടെ ചഞ്ചലതയെ സ്വീകരിച്ചിരിക്കു ന്നു.

## സ്തുതി 15

*നീഹാരഹാരധവളസ്യ ജയത്യപൂർവഃ*
*പാകഃ സ കോപിസുകൃതസ്യ കൃതസ്യ പൂർവം*
*യഃ സംപ്രതി പ്രതിഫലത്യമലാസു ബാല-*
*ചന്ദ്രാവചൂലനുതിസൂക്തിഷു സത്കവീനാം*

**അർത്ഥം** - സദ്കവികൾ മുമ്പ് അനേക ജന്മങ്ങളാൽ ആർജിച്ചെടുത്ത, മഞ്ഞ് അതുപോലെ മുത്തുമാലയ്ക്ക സമാനമായ പവിത്രമായ സുകൃതങ്ങളാൽ അപൂർവമായവർ മാത്രമാണ പരിപാകപ്പെട്ടു ധന്യരാകുന്നത്. എന്നാൽ ഇപ്പോൾ ശ്രീശങ്കരൻ്റെ അത്യന്തം നിർമലമായ സൂക്തികളുടെ രൂപത്തിൽ അവർ ഫലപ്രാപ്തിയുള്ളവരായി തീർന്നിരിക്കുന്നു.

## സ്തുതി 16

*സൂക്ഷ്മാർത്ഥദർശനവിമർശവശപ്രരൂഢ-*
*ഭ്രൂകാണ്ഡതാണ്ഡവനിവേദിതചിദ്വികാസം*
*ആസ്വാദ്യ യത്സുമതയോ മുഖമുദ്വഹന്തി*
*സൂക്താമൃതം ജയതി തത്കവികുഞ്ജരാണാം*

**അർത്ഥം** - നിർമലന്മാരായ സഹൃദയന്മാരായ ജനങ്ങൾ, ഏതൊരു സൂക്തി സുധകളെ ആസ്വാദിച്ചുകൊണ്ടാണോ അവയുടെ സൂക്ഷ്മാർത്ഥത്തെ വിചാരം ചെയ്തുകൊണ്ടുണ്ടായ ഭാവനയാൽ ഉടലെടുത്ത പുരികങ്ങളുടെ താണ്ഡവത്താൽ സ്വന്തം ചൈതന്യത്തെ പ്രകടമാക്കുന്ന മുഖത്തെ ധരിച്ചിരിക്കുന്നത്, ശ്രേഷ്ഠകവികളുടെ ആ സൂക്തിസുധകൾ വിജയിക്കട്ടെ.

## സ്തുതി 17

*ശബ്ദാർഥമാത്രമപി യേ ന വിദന്തി തേപി*
*യാം മൂർഛനാമിവ മൃഗാഃ ശ്രവണൈഃ പിബന്തഃ*
*സംരുദ്ധസർവകരണപ്രസരാ ഭവന്തി*
*ചിത്രസ്ഥിതാ ഇവ കവീന്ദ്രഗിരം നമസ്താം*

വിഡ്ഢികളായ ജനങ്ങൾ സാധാരണ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നസാധനങ്ങളെപോലും കേൾക്കുന്ന മാത്രയിൽ മനസ്സിലാക്കുന്നില്ല (പിന്നെ ങ്ങനെപരമാർത്ഥത്തെ മനസ്സിലാകും). അതുപോലെ സുന്ദരമായ ഓടക്കുഴലിൻ്റെ നാദംകേൾക്കുന്ന മാനിനു സമാനമായി, എതൊരു ശബ്ദം കേൾക്കുമ്പോഴാണോ ഇന്ദ്രിയങ്ങളുടെ എല്ലാ ചേഷ്ടകളും സ്തംഭിച്ച് ചിത്രത്തിലെ മൂർത്തിയെപ്പോലെ ചേഷ്ടകളൊന്നുമില്ലാതെ ആകുന്നത്, ആ കവിശ്രേഷ്ഠൻ്റെ വാണിയെ ഞങ്ങൾ പ്രണമിക്കുന്നു.

## സ്തുതി 18

*ലഭ്യഃ സ കുത്ര സുജനഃ സ്വകൃതീഃ പ്രദർശ്യ*
*ഭ്രൂകന്ദളീയുഗളമാകലയന്തി യസ്യ*
*നേത്രോത്പലോപരി പരിസ്ഫുരദുത്തരങ്ഗ-*

*ഭൃങ്ഗാവലിദ്വിതയവിഭ്രമഭൃത് കവീന്ദ്രാഃ*

**അർത്ഥം** - ശ്രേഷ്ഠന്മാരായ കവികൾ സ്വന്തം കാവ്യങ്ങളെ കണ്ടിട്ട് (അവയെ ആസ്വദിച്ചുകൊണ്ട്) അവരുടെ രണ്ടു പുരികങ്ങളെ നേത്രമാകുന്ന താമരപ്പൂ മുകളിൽ സ്ഫുരിക്കുന്ന വണ്ടുകൾപോലെ കാണുന്നത്, അങ്ങനെയുള്ള സഹൃദയന്മാരായ പ്രേമരസികന്മാരായ ജനങ്ങളെ എവിടെയാണ് കാണാൻ കഴിയുക? അതായത് മഹാകവികളുടെ രചനകളുടെ ആത്യന്തികമായ മർമം മനസ്സിലാക്കുന്ന സഹൃദയർ അത്യന്തം ദുർല്ലഭമാണ്.

## സ്തുതി 19

*സ്ഫാരേണ സൗരഭഭരേണ കിമേണനാഭേ-*
*സ്തദ് ഘ്രാനസാരമപി സാരമസാരമേവ*
*സ്രക് സൗമനസ്യപി ന പുഷ്യതി സൗമനസ്യം*
*പ്രസ്യന്ദതേ യദി മധുദ്രവമുക്തിദേവീ*

**അർത്ഥം** - എപ്രകാരമാണ് സരസ്വതി അതിമധുരമായ രസത്തെ ഒഴുക്കുന്നത്, അതുപോലെ കസ്തൂരിയുടെ പുറത്തുവരുന്ന സുഗന്ധത്തിന്റെ പേരെന്താണ്? ഉത്തരം ഒന്നുമില്ല എന്നാണ്. എന്തെന്നാൽ ഇതിന്റെയൊക്കെ മുന്നിൽ കർപ്പൂരത്തിന്റെ അതിസുഗന്ധംപോലും നിസ്സാരമായി തോന്നുന്നു. അതുപോലെ പുഷ്പമാലയുടെ മനോഹരമായ ദിവ്യസുഗന്ധംപോലും മങ്ങിപോകുന്നു.

## സ്തുതി 20

*സംസാരമാരവപഥപ്രഥമാനഖേദ-*
*വിച്ഛേദകോവിദമിദം കവികർമ ജീയാത്*
*വിസ്മാരിതം യമുനാസനാഥം*
*പാഥഃ പ്രസിദ്ധമപി വൈബുധസൈന്ധവം നഃ*

**അർത്ഥം** - ഈ സംസാര രൂപമായ മഹാമരുഭൂമിയിലെ വഴിയിൽ പെരുകുന്ന ദുഃഖങ്ങളെ (അശാന്തികളെ) ഇല്ലാതാക്കുന്ന അതിനൈപുണ്യമുള്ള ഈ ശിവഭക്തിരസാമൃതത്തിൽ മുങ്ങിയ കാവ്യങ്ങൾ എപ്പോഴും ജയിക്കട്ടെ. എപ്രകാരമാണോ യമുനാനദിയുടെ ജലത്തിൽ മിശ്രിതമായ പ്രസിദ്ധമായ ഗംഗാജലത്തെ പോലും ഞങ്ങൾ മറന്നുകളഞ്ഞത് അപ്രകാരം ശിവഭക്തിരസാമൃതത്തിൽ മുങ്ങിയ കാവ്യങ്ങൾ കേൾക്കുമ്പോൾ ഞങ്ങൾ ദുഃഖങ്ങളെ മറക്കുന്നു.

# കുട്ടികളുടെ
# വാല്മീകിരാമായണം 32



ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

കോവിഡിന്റെ തീവ്രത കുറഞ്ഞുവരുന്നതിൽ സമാധാനിക്കാമെങ്കിലും ജാഗ്രത കൈവിടാതിരിക്കുക.

ശ്രീരാമന്റെ അഗസ്ത്യാശ്രമപ്രവേശം, വാല്മീകിരാമായണത്തിലെ സുപ്രധാന വഴിത്തിരിവുകുടിയാണെന്ന് തുടർന്നുവരുന്ന സംഭവവികാസങ്ങൾ തുറന്നുകാണിക്കുന്നു. മഹാമുനിയുമായുള്ള കുശലപ്രശ്നങ്ങൾക്കുശേഷം തങ്ങൾക്കു സ്വസ്ഥമായി പർണ്ണശാലകെട്ടി താമസിക്കാനുള്ള ഒരു സ്ഥലം പറഞ്ഞു തരണമെന്ന് ശ്രീരാമചന്ദ്രൻ വളരെ വിനീതമായി അദ്ദേഹത്തോടപേക്ഷിച്ചു. സകലതും അകക്കണ്ണാൽ അറിയുന്ന മഹാമുനി ഗോദാവരിനദീതീരത്തെ പരിപാവനവും പ്രകൃതിരമണീയവുമായ 'പഞ്ചവടി'യാണ് അവർക്കുവേണ്ടി തെരഞ്ഞെടുത്തത്. എക്കാലവും പൂക്കുന്ന കാടുകൾ നിറഞ്ഞ ഈ പുണ്യഭൂമി അങ്ങയുടെ ആഗമനത്തിന്നായി കാത്തിരിക്കുകയാണെന്ന അഗസ്ത്യമുനിയുടെ സന്ദർഭോചിതമായ മധുരോക്തി, മൂവരേയും ആനന്ദത്തിൽ ആറാടിച്ചു. യാത്രക്കിടയിൽ ഇവർ പരാക്രമിയും ഭീമാകാരനും ദശരഥ മഹാരാജാവിന്റെ സുഹൃത്തുമായ പക്ഷിശ്രേഷ്ഠൻ 'ജടായു'വിനെ കണ്ടെത്തി. മൂവരേയും തിരിച്ചറിഞ്ഞ ജടായു തന്റെ വംശാവലി പൂർണ്ണമായി ഭക്തിപൂർവ്വം ധരിപ്പിച്ചു. കദ്രു -വിനത മുതൽ വിസ്തൃതമായ വംശാവലി അവരെ എന്തെന്നില്ലാതെ ആകർഷിച്ചു. വിനതയുടെ പുത്രന്മാരായ ഗരുഡൻ, അരുണൻ ഇവരിൽ, അരുണന്റെ പുത്രന്മാരാണ് സമ്പാതിയും ജടായുവും. തുടർന്നുവരുന്ന രാമചരിതത്തിൽ ഭക്തശിരോമണികളായ ഇവർ പ്രധാന പങ്കുവഹിക്കുന്നു. മാത്രമല്ല, സൗഹൃദത്തിന്റെ, ഭക്തിയുടെ പര്യായമായിരുന്നു, ഈ സഹോദർ.

കൂട്ടുകാരേ, ആപത്തുകാലത്താണ് സൗഹൃദം പൂക്കുകയും കായ്ക്കുകയും ഫലിക്കുകയും ചെയ്യേണ്ടതെന്നും സമ്പാതിയും ജടായുവും നമ്മെ ഓർമ്മിപ്പിക്കുന്നു. പഞ്ചവടിയിൽ ഇവരുടെ പൂർണ്ണമായ സുരക്ഷ ജടായു ഏറ്റെടുക്കുകയും ചെയ്തു.

അഗസ്ത്യമുനി നൽകിയ അടയാളങ്ങൾക്കനുസരിച്ച്, അവർ പുണ്യഭൂമി

യായ പഞ്ചവടിയിൽ പ്രവേശിച്ചു. മനസ്സിൽ ഉദ്ദേശിച്ചതിലുമപ്പുറം സുഖ-സമ്പൂർണ്ണമാണിവിടമെന്ന് അവരറിഞ്ഞു. സുരഭില പുഷ്പങ്ങളും ശുദ്ധജലവാഹികളായ നിർമ്മല പൊയ്കകളും കൊണ്ട് പ്രകൃതി കനിഞ്ഞരുളിയ ഈ പ്രദേശം മാൻ, മയിൽ, കുയിൽ തുടങ്ങിയവയുടെ വിഹാരരംഗം കൂടിയായപ്പോൾ ആനന്ദലബ്ധിക്കിനിയെന്തുവേണമെന്ന് ശ്രീരാമചന്ദ്രൻപോലും ചിന്തിച്ചുകാണും അല്ലേ കൂട്ടുകാരേ. കർത്തവ്യബോധവും ധർമ്മാധർമ്മ ചിന്തകളുമുള്ളവർക്കായി വിവിധ കോണുകളിൽനിന്ന് സഹായഹസ്തങ്ങൾ ഉണർന്നുയർന്നുവരാതിരിക്കില്ലെന്ന് വാല്മീകി മഹർഷി സാന്ദർഭികമായി ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നു. ശരത്കാലം പോയ്മറഞ്ഞു, മഞ്ഞുകാലം ദുഷ്ക്കരമാണെങ്കിലും കാടിന്റെ വന്യസൗന്ദര്യത്തിന് പുതിയ രൂപഭാവങ്ങൾ, പരിവേഷങ്ങൾ പകർന്നുനല്കിയ കാലത്തെ നമിക്കാനിവർ മറന്നില്ല.

വനചാരികളായി പ്രകൃതിയോടു പൂർണ്ണമായി ലയിച്ചു കഥകൾ പറഞ്ഞു സോദരരും സീതാദേവിയും കഴിഞ്ഞുവരവെ, യാദൃച്ഛികമെന്നപോലെ 'ശൂർപ്പണഖ' എന്ന ഘോര രാക്ഷസി ഇവരെത്തേടിയെത്തി. സുകുമാരകളേബരനും രാജലക്ഷണങ്ങൾ സമഞ്ജസമായി സമ്മേളിച്ച ശ്രീരാമചന്ദ്രനെ കണ്ടമാത്രയിൽത്തന്നെ രാക്ഷസി കാമപരവശയായി മാറി. വിശ്വവിശ്രുതനും രാക്ഷസ ചക്രവർത്തിയുമായ രാവണസോദരിയാണ് താനെന്നും എന്തുവേണമെങ്കിലും നിഷ്പ്രയാസം സാധിക്കാൻ കഴിയുമെന്നും ശ്രീരാമചന്ദ്രന്റെ രൂപലാവണ്യങ്ങളിൽ ആകൃഷ്ടയായ തന്നെ കൈവിടാതെ വിവാഹം കഴിക്കാനും തയ്യാറാകണമെന്നുമവൾ നിർലജ്ജം ആവശ്യപ്പെട്ടു. രാക്ഷസനും മനുഷ്യനും ബന്ധപ്പെടുന്നത് പ്രത്യേകിച്ചും വൈവാഹിക ബന്ധത്തിൽ ഏർപ്പെടുന്നത് അപകടങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന വാദങ്ങളൊന്നുമിവർ അംഗീകരിച്ചില്ല. പതിവ്രതാരത്നമായ സീത തന്റെ ജീവന്റെ ജീവനാണെന്നുള്ള അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് സപത്നിയാകാൻ തയ്യാറാണെന്നാണ് അവൾ പറഞ്ഞത്. നിവൃത്തിയില്ലാതായപ്പോൾ ശൂർപ്പണഖയെ സഹോദരനായ ലക്ഷ്മണന്റെ അടുത്തേയ്ക്ക് അയയ്ക്കുകയാണുണ്ടായത്. സാമഭേദങ്ങൾ ഫലിക്കാതെ വന്നപ്പോൾ, രാക്ഷസിയെ അപമാനിതയായി അംഗവിച്ഛേദം ചെയ്യപ്പെട്ടുകൊണ്ട് മുന്നിലെത്തിയ ശൂർപ്പണഖയെ കണ്ടമാത്രയിൽത്തന്നെ സഹോദരനായ ഖരൻ ക്രുദ്ധനായി പകരം ചോദിക്കാനായി പാഞ്ഞടുത്തു. രാമ-രാവണ യുദ്ധത്തിനാരംഭം ഇവിടുന്നാണ് കൂട്ടുകാരെ. ധാർഷ്ട്യവും താൻപോരിമയും മാത്രം കൈമുതലാക്കിയിരുന്ന ചരിത്രമാണ് രാക്ഷസവംശത്തിന്റേത്. ഈ വെല്ലുവിളി അവരെ സംബന്ധിച്ചിടത്തോളം തികച്ചും അപ്രതീക്ഷിതവും അതിലേറെ ആത്മാഭിമാനത്തിനേറ്റ ക്ഷതവുമായിരുന്നു. ഏകസഹോദരി നിസ്സാരനായ മനുഷ്യനാൽ അപമാനിതയായി മുന്നിൽ നിൽക്കെ സകല സന്നാഹങ്ങളോടുംകൂടി പകരം ചോദിക്കാനുള്ള ശ്രമമാരംഭിച്ചു. പക്ഷേ, വരാനുള്ളത് വഴിയിൽ തങ്ങാറില്ലല്ലോ? സംഭവിക്കാനുള്ളതു സംഭവി

ക്കുകതന്നെ ചെയ്തു. പ്രകൃതിപോലും ഈ ദുഷ്ടശക്തികളുടെ ആക്രമണോത്സുകതയിൽ ഭയപ്പെട്ടു എന്നു പറയാം. അത്രമാത്രം ഭീകരമായ അന്തരീക്ഷത്തിൽ ജനങ്ങളുടെ സുരക്ഷയെ കുറിച്ചായിരുന്നു, ശ്രീരാമചിന്ത മുഴുവൻ. തന്നെക്കുറിച്ച് ചിന്തിച്ച് തലപുണ്ണാക്കുന്ന സ്വഭാവം മഹാമനീഷികൾക്കില്ലെന്ന് കൂട്ടുകാർക്കറിയാമല്ലോ? വരാൻ പോകുന്ന മഹായുദ്ധത്തിന്റെ റിഹേഴ്സൽ എന്നു വിശേഷിപ്പിക്കാവുന്ന വിധത്തിൽ പൊരിഞ്ഞ പോരാട്ട വേദിയായി മാറി. ഖര-ദൂഷണാദികൾ പെരുമഴപോലെ അസ്ത്ര-ശസ്ത്രങ്ങൾ ഏകനായ ശ്രീരാമചന്ദ്രന്റെ നേരെ പ്രയോഗിച്ചിട്ടും അതെല്ലാം നിഷ്പ്രഭമാവുകയാണുണ്ടായത്. സ്ഥിതപ്രജ്ഞനായ അദ്ദേഹം പുഞ്ചിരിയോടെ സമീപിക്കുന്ന കാഴ്ചതന്നെ ചേതോഹരമായിരുന്നു. ഖരന്റെ സേനാപതിയായ ത്രിശിരസ്സുമായി ശ്രീരാമചന്ദ്രൻ ഏറ്റുമുട്ടിയപ്പോൾ ത്രിലോകങ്ങളും സ്തംഭിച്ച അവസ്ഥയിലായി. സേനാപതികളും വിപുലമായ അക്ഷൗഹിണിപ്പടകളും തകർന്നു തരിപ്പണമായ അവസ്ഥയിൽ ഖരൻ സർവ്വശക്തിയുമെടുത്തു രാമചന്ദ്രനോടേറ്റുമുട്ടി. എങ്കിലും രാമബാണമേറ്റ് മൃതിയടയാനായിരുന്നു നിയോഗം.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

വൈഷ്ണവസമ്പ്രദായം പ്രധാനമായും മൂന്നു പ്രകാരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

1. വൈഖാനസം
2. ഭാഗവതം
3. പാഞ്ചരാത്രം

പൊതുവേ വൈഷ്ണവരെ ഒട്ടാകെ ഭാഗവതന്മാർ എന്നു വിളിക്കാറുണ്ട്. ശ്രീശങ്കരാചാര്യർ തന്റെ ബ്രഹ്മസൂത്രഭാഷ്യത്തിലെ ഉത്പത്ത്യദർശനവിഭാഗത്തിൽ പാഞ്ചരാത്രികരെ വിമർശിക്കുമ്പോൾ വിശേഷിപ്പിച്ചിട്ടുള്ളത് ഭാഗവതാഃ എന്നാണ്. പാഞ്ചരാത്രികരെ ഐകാന്തികരെന്നും സാത്ത്വതരെന്നും സംബോധന ചെയ്യുന്നതു ഗ്രന്ഥങ്ങളിൽ പതിവാണ്.

ശക്തിസങ്ഗമതന്ത്രമെന്ന ശാക്തഗ്രന്ഥത്തിൽ 10 തരത്തിലുള്ള വൈഷ്ണവരെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഇതു സാധാരണ കണ്ടു വരുന്ന നിർവ്വചനങ്ങളിൽ നിന്നും വ്യത്യസ്തമായിട്ടാണു കാണുന്നത്.

*വൈഖാനസോ ഭവേദാദൌ ശ്രീരാധാവല്ലഭസ്തഥാ*

*ഗോകുലേശോ മഹേശാനി തഥാ വൃന്ദാവനീ ഭവേത്.*

*പാഞ്ചരാത്രഃ പഞ്ചമഃ സ്യാത് ഷഷ്ഠഃ ശ്രീവീരവൈഷ്ണവഃ.*

*രാമാനന്ദീ ഹരിവ്യാസീ നിംബാർക്കശ്ച മഹേശ്വരി*

*തതോ ഭാഗവതോ ദേവി ദശഭേദാഃ പ്രകീർത്തിതാഃ*

(ശക്തിസംഗമതന്ത്രം-കാളീഖണ്ഡം-അദ്ധ്യായം 8-37-39)

വൈഖാനസർ, രാധാവല്ലഭർ, ഗോകുലേശർ, വൃന്ദാവനികൾ, പാഞ്ചരാത്രികർ, വീരവൈഷ്ണവർ, രാമാനന്ദിമാർ, ഹരിവ്യാസിമാർ, നിംബാർക്കന്മാർ, ഭാഗവതർ എന്നിങ്ങനെയാണ് അവ.

## വൈഖാനസർ

*വേവേഷ്ടി സർവ്വം സംവ്യാപ്യ യസ്തിഷ്ഠതി സ വൈഷ്ണവഃ.*
*വൈഖാനസാദിദീക്ഷാദ്യൈർഭൂഷിതഃ സ്മാർത്തവൈഷ്ണവഃ*
*(8-42)*

യാതൊന്നാണോ എല്ലാറ്റിലും വ്യാപിച്ചു നിലനില്ക്കുന്നത് അതു വൈഷ്ണവം. വൈഖാനസാദികളായ ദീക്ഷാക്രമങ്ങളൊക്കെ ചെയ്യപ്പെട്ട സ്മാർത്ത വൈഷ്ണവരാണ് വൈഖാനസർ.

## രാധാവല്ലഭർ

*ശ്രീരാധാവല്ലഭം ദേവി ശൃണു യത്നേന ശാംഭവി.*
*വൈഷ്ണവാചാരനിരതോ വിഷ്ണുതന്ത്രൈകപാരഗഃ*
*അനന്യചേതാഃ ശാന്താത്മാ വിഷ്ണുചിഹ്നപരായണഃ*
*(8-53-55)*

ശ്രീരാധാവല്ലഭോ ദേവി....

അല്ലയോ ശാംഭവീദേവീ, ശ്രീരാധാവല്ലഭരെക്കുറിച്ചു ഞാനിനി പറയാം. കേട്ടാലും. വൈഷ്ണവാചാരനിരതരും വിഷ്ണുതന്ത്രത്തെ നന്നായി അറിയുന്നവരും അനന്യചേതസ്സുള്ളവരും ശാന്താത്മാക്കളുമായവരാണു രാധാവല്ലഭരെന്ന വൈഷ്ണവർ.

## ഗോകുലേശർ

*....ഗോകുലേശം ശൃണു പ്രിയേ*
*നാനാഭൂഷണസമ്പന്നോ നാനാസൌഗന്ധഭൂഷിതഃ.*
*ഗവാം കുലം പ്രീണയിതാ കലികൃഷ്ണസ്വരൂപധൃക്.*
*ശരീരമർത്ഥം പ്രാണാംശ്ച തന്നിവേദനകാരകഃ*
*അന്തഃശക്തിപരോ ദേവി ബഹിർവൈഷ്ണവരൂപധൃക്.*
*ഗന്ധർവ്വാചാരനിരതോ ലതാവേഷ്ടനതത്പരഃ*
*സമ്പ്രദായോ ഗോകുലേശഃ സർവ്വസിദ്ധികരോ ഭുവി. (8-55-57)*

ഹേ പ്രിയേ, ഇനി ഗോകുലേശരെപ്പറ്റി കേട്ടാലും. എല്ലാവിധ ഭൂഷണങ്ങളോടും സുഗന്ധദ്രവ്യങ്ങളോടും കൂടിയരും, ഗോക്കളുടെ കുലത്തെ പ്രീണിപ്പിക്കുന്നവരും കൃഷ്ണസ്വരൂപത്തെ ധരിച്ചിരിക്കുന്നവരും സ്വന്തം, ശരീരത്തെയും ധനത്തെയും പ്രാണനെയും വിഷ്ണുവിങ്കൽ സമർപ്പിച്ചവരും അകത്തു ശക്തിയെ ആരാധിക്കുന്നവരും പുറത്തു വൈഷ്ണരൂപത്തെ ധരിച്ചവരും ഗന്ധർവ്വാചാരനിരതരും ലതാവേഷ്ടനതത്പരരുമായ ഗോകുലേശസമ്പ്രദായം ഭൂമിയിൽ സർവ്വസിദ്ധികരമാകുന്നു.

## വൃന്ദാവനികൾ

*വൃന്ദാവനാഖ്യം ദേവേശി ശൃണു യത്നേന സാമ്പ്രതം.*
*വിഗതാശഃ പ്രസന്നാത്മാ വിഷ്ണുഭക്തിപരായണഃ.*
*കാമിനീസംഗചപലോ ജലക്രീഡാവിനോദധൃക്.*
*സൌഗന്ദഭൂഷിതതനുഃ സ്ത്രീധ്യാനൈകപരായണഃ.*
*വിഷ്ണുസാരൂപ്യതത്ത്വജ്ഞഃ പ്രോക്തോ വൃന്ദാവനീ ശിവേ.*
*(8-58-60)*

അല്ലയോ ദേവി വൃന്ദാവനന്മാരെക്കുറിച്ച് കേട്ടാലും, ആശകളിൽനിന്ന് വേർപെട്ടവരും പ്രസന്നാത്മാക്കളും വിഷ്ണുഭക്തിയിൽ നിരതരും കാമിനീസങ്ഗത്തിൽ ചപലരും ജലക്രീഡാവിനോദത്തെ ഇഷ്ടപ്പെടുന്നവരും സുഗന്ധദ്രവ്യങ്ങളെക്കൊണ്ട് ഭൂഷിതങ്ങളായ ശരീരങ്ങളോടു കൂടിയവരും സ്ത്രീകളെക്കുറിച്ച് നിരന്തരം നിനക്കുന്നവരും വിഷ്ണുവിന്റെ സാരൂപ്യമെന്ന തത്ത്വത്തെക്കുറിച്ച് അറിയുന്നവരും ആയവരെ വൃന്ദാവനികളെന്നു പറയുന്നു.

## പാഞ്ചരാത്രികർ

*പഞ്ചരാത്രിവ്രതം പ്രാപ്താഃ പാഞ്ചരാത്രാഃ പ്രകീർത്തിതാഃ*
*ദിനപഞ്ചകപര്യന്തം ശൈവാനാം ന വിലോകനം*

*മുദ്രാസന്ധാരണീം രണ്ഡാം കൃത്വാ സംപൂജയന്തി തേ.*
*പ്രസാദഃ കസ്യ വേത്ത്യുക്തേ ശ്രീകൃഷ്ണസ്യേതി യോ വദേത്*
*സ്വഭുക്തം ചൈവ നൈവേദ്യം ദേവതാർത്ഥപ്രയോജകഃ*
*വർത്തന്തേ വൈഷ്ണവാ യേ ച ശിവനിന്ദാപരായണാഃ.*
*വൈഷ്ണവാനപി നിന്ദന്തി പാഞ്ചരാത്രാശ്ച തേ മതാഃ. (7-2-6)*

അഞ്ചു രാത്രികളിലെ വ്രതത്തെ സ്വീകരിച്ചവരും ആ അഞ്ചു ദിവസങ്ങളിൽ ശൈവരെ കാണാത്തവരും സന്ധാരണീമുദ്രയെക്കൊണ്ട് വിഷ്ണുവിനെ പൂജിക്കുന്നവരും, തങ്ങളിലുള്ള പ്രസാദം ആരുടേതാണെന്ന ചോദ്യത്തിന് ശ്രീകൃഷ്ണന്റേതാണെന്ന് മറുപടി പറയുന്നവരും ശിവനെയും മറ്റന്യ വൈഷ്ണവരെയും അംഗീകരിക്കാത്തവരേയും പാഞ്ചരാത്രികരെന്നു പറയുന്നു.

## വീരവൈഷ്ണവർ

*കേവലം വിഷ്ണുനിരതഃ സർവ്വദേവപ്രനിന്ദകഃ*
*വീരവൈഷ്ണവ ഇത്യുക്തഃ.. (7-28)*

കേവലം വിഷ്ണുവിൽ നിരതരും മറ്റു ദേവതകളിൽ താത്പര്യമില്ലാത്തവരുമാണ് വീരവൈഷ്ണവർ.

## രാമാനന്ദിമാർ

*രാ ശക്തിരിതി വിഖ്യാതാ മ ശിവഃ പരികീർത്തിതഃ*
*തദാനന്ദീ ശാന്തചിത്തഃ പ്രസന്നാത്മാ വിചാരദൃക്*
*സർവ്വത്ര സമരൂപശ്ച രാമാനന്ദീ പ്രകീർത്തിതഃ. (8-41-43)*

രാ എന്ന പദത്തിന് ശക്തിയെന്നും മ എന്ന പദത്തിന് ശിവനെന്നും അർത്ഥം എന്ന് വിചാരം ചെയ്യുന്നവരും അതിൽ ആനന്ദിക്കുന്നവരും ശാന്തചിത്തരും പ്രസന്നാത്മാക്കളും എല്ലായിടത്തും സമമായ ദൃഷ്ടിയെ വക്കുന്നവരുമായവരെ രാമാനന്ദികളെന്നു വിളിക്കുന്നു.

## ഹരിവ്യാസിമാർ

*ഹരിവ്യാസിം മഹേശാനി യഥാവദവധാരയ*
*പാപസംഹരണേ ശക്തോ വിഷ്ണുഭക്തോ ജിതേന്ദ്രിയഃ*
*യമാദിനിയമൈര്യുക്തഃ ത്യക്താചാരപരായണഃ*
*സോപയോഗഫലഗ്രാഹീ പരകാര്യപരായണഃ*
*ഹരിവ്യാസീ മഹേശാനി ശിവശക്തിസ്വരൂപധൃക്. ( 8-53-55)*

ഹരിവ്യാസികളെക്കുറിച്ച് പറയുന്നത് ഹേ ദേവി അവിടുന്ന് കേട്ടാലും. പാപത്തിന്റെ സംഹാരത്തിൽ ശക്തരും വിഷ്ണുഭക്തരും ജിതേന്ദ്രിയരും യമനിയമങ്ങൾ അനുസരിക്കുന്നവരും മറ്റാചാരങ്ങൾ ത്യജിച്ചവരും പരകാര്യങ്ങളിൽ പരായണരും ആയ ശിവശക്തിസ്വരൂപത്തെ ധരിച്ചവരാണ് ഹരിവ്യാസികൾ.

## നിംബാർക്കന്മാർ

*നിംബാർക്കാഖ്യം സമ്പ്രദായം ശൃണു യത്നേന സാമ്പ്രതം*
*നിത്യാർച്ചനക്രമാസക്തഃ സ്വതന്ത്രൈകപരായണഃ.*
*ബാഹ്യപൂജാദിനിരതോനന്യഭക്തഃ പ്രസന്നധീഃ.*
*ആര്യപക്ഷാന്വിതഃ സ്വച്ഛഃ സ്വച്ഛന്ദാചാരതത്പരഃ.*
*സ്വതന്ത്രഃ സ്മാർത്തവിദ്വേഷീ നിംബാർക്കോ ഭഗവാൻ ഹരിഃ.*
*(8-56-57)*

നിംബാർക്കരെക്കുറിച്ച് കേട്ടാലും. നിത്യാർച്ചനക്രമത്തെ അനുസരിക്കുന്നവരും, സ്വതന്ത്രരും, ബാഹ്യപൂജാദികളിൽ നിരതരും അനന്യഭക്തരും, പ്രസന്ന ചിത്തരും സ്വച്ഛന്ദാചാരനിരതരും സ്വതന്ത്രരും സ്മാർത്തധർമ്മത്തെ ഇഷ്ടമില്ലാത്തവരുമായവരാണ് നിംബാർക്കർ.

## ഭാഗവതർ

*അഥ ഭാഗവതം ദേവി കഥ്യതേ ശൃണു സാംപ്രതം*
*വിഷ്ണുഭക്തൌ ച നിപുണോ വിജിതാത്മാ പ്രസന്നധീഃ.*
*സ്മാർത്തകർമ്മാന്വിതോ ദേവി തദന്യാചാരതത്പരഃ*
*ആര്യപക്ഷാന്വിതോ ദേവി തഥാ ചാരുണവേഷധൃക്.*
*ശിവദ്വേഷീ തസ്യ സങ്ഗാത് പുനസ്നാനപരായണഃ.*
*കേവലം വിഷ്ണുചിത്തജ്ഞഃ പ്രോക്തോ ഭാഗവതഃ ശിവേ.*
*(8-58-61)*

ഹേ ദേവി, ഇനി ഭാഗവതന്മാരെക്കുറിച്ചു പറയാം കേട്ടാലും. വിഷ്ണുഭക്തരും കർമ്മങ്ങളിൽ നിപുണരും ആത്മാവിനെ ജയിച്ചവരും പ്രസന്നചിത്തരും സ്മാർത്തകർമ്മങ്ങളെ ചെയ്യുന്നവരും മറ്റു കർമ്മങ്ങളിൽ തത്പരരും ശ്രേഷ്ഠമായ പക്ഷത്തിൽ നിലനില്ക്കുന്നവരും ചുവന്ന വസ്ത്രം ധരിച്ചവരും ശൈവരിൽ താത്പര്യമില്ലാത്തവരും അവരെക്കണ്ടാൽ വീണ്ടും കുളിക്കുന്നവരും കേവലം വിഷ്ണുവിനെ മാത്രം ചിത്തത്തിൽ കൊണ്ടുനടക്കുന്നവരും ആയവരെ ഭാഗവതരെന്നു പറയുന്നു.

(തുടരും)

ഔഷധസസ്യങ്ങൾ – 38

# മുയൽച്ചെവിയൻ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

മുയലിന്റെ ചെവിയോടു സാദൃശ്യമുള്ള ഇലകളോടുകൂടിയ ഔഷധച്ചെടിയാണിത്. 'ശശശ്രുതി' എന്ന സംസ്കൃതനാമവും ഈ സ്വഭാവത്തെ സാധൂകരിക്കുന്നു. ആസ്റ്ററേസി (കമ്പോസിറ്റ) കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം എമിലിയ സോൻചിഫോളിയ എന്നാണ്. സംസ്കൃതത്തിൽ ദ്രവന്തി, സംബരി, ആഖുകർണ്ണി എന്നീ പേരുകളുണ്ട്.

ജ്വരം, രക്താർശ്ശസ് എന്നീ അസുഖങ്ങൾക്ക് സാധാരണക്കാരും നാട്ടിൻപുറത്തുള്ളവരും സാധാരണയായി ഉപയോഗിച്ചുവരുന്ന നാട്ടറിവിൽപ്പെട്ടതാണിത്.

ഔഷധ ഗുണങ്ങളെ പരാമർശിച്ചാൽ - പനി കുറയ്ക്കും, വയറ്റിലെ വിരശല്യം ഇല്ലായ്മ ചെയ്യും, കണ്ണിനു കുളിർമ്മ പകരും, നേത്രരോഗങ്ങൾക്കു കൈകണ്ട ഔഷധമാണ്. ടോൺസിലൈറ്റിസ് എന്ന അസുഖം കുറയ്ക്കാൻ സഹായിക്കും. സമൂലമായി ഔഷധമെന്ന നിലയിൽ ഉപയോഗിക്കുന്നു.

ചില പ്രധാനപ്പെട്ട ഔഷധപ്രയോഗങ്ങളിലൂടെ -

ഔഷധച്ചെടി പച്ചയോടെ സമൂലമായി എടുത്ത് ഇടിച്ചുപിഴിഞ്ഞ സ്വരസം 15 മി.ലി. വീതം സേവിച്ചാൽ വയറിനകത്തെ പഴക്കമേറിയതാണെങ്കിലും കൃമിശല്യം (വിര) മാറിക്കിട്ടും.

സമൂലമെടുത്തു പിഴിഞ്ഞരിച്ചെടുത്ത സ്വരസം 5 മുതൽ 10 മി.ലി. വരെ ദിവസവും രണ്ടുനേരം ഉപയോഗിച്ചാൽ ജ്വരരോഗങ്ങൾ ഭേദമാകും.

ഇലകൾ നല്ലപോലെ കഴുകിച്ചതച്ചു പിഴിഞ്ഞരിച്ചെടുത്ത നീര് വളരെ ശ്രദ്ധിച്ചു കരടുകളെല്ലാം നീക്കം ചെയ്തുവെന്നുറപ്പുവരുത്തി കണ്ണിലൊഴിച്ചു നിർത്തിയാൽ, കണ്ണ് സംബന്ധമായ എല്ലാ അസുഖങ്ങളും ശമിക്കും. അതിരാവിലെയും വൈകീട്ടും (വെയിലാറിയതിനു ശേഷം) ഉപയോഗിക്കണം. ഇപ്രകാരം തുടർച്ചയായി ചെയ്താൽ കണ്ണിന് കുളിർമ്മയും കാഴ്ചശക്തിയും വർദ്ധിക്കും. കണ്ണിലെ വെള്ളമൊലിപ്പ് തുടങ്ങിയ അസുഖങ്ങളും ഇല്ലാതാകും.

ഈ ചെടി വൃത്തിയായി കഴുകി സമൂലം നന്നായി അരച്ചെടുത്തു മോരിൽ കലർത്തി സേവിച്ചാൽ രക്താർശസ്സ് ഭേദമാകും.

മുയൽചെവിയന്റെ പച്ച ഇല നല്ലതുപോലെ കഴുകിത്തുടച്ച് എടുത്തശേഷം ഉപ്പുകല്ലും കൂട്ടി പിഴിഞ്ഞുയോജിപ്പിച്ചു കിട്ടുന്ന നീര് ടോൽസിലിറ്റിസ് അനുഭവപ്പെടുന്ന ഭാഗത്തു പുറമെ പുരട്ടിയാൽ തക്കതായ ശമനം കിട്ടുമെന്ന് അനുഭവസ്ഥർ പറയുന്നു.



RNI Registration Number – KERMAL/2012/56910

ശ്രീമദ്ദേവീഭാഗവതവിമർശം

ശ്രീമഹാഭാഗവതം

കാശ്മീരശൈവദർശനപ്രവേശിക

താന്ത്രികവൈഷ്ണവദർശനം

youtube.com/shripuram SUBSCRIBE

facebook.com/ShripuramTrust FOLLOW

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

*Scan the QR code for free download*

ISSN:2583-2484